പുസ്തകം 1. ലക്കം 1.

ജനുവരി - മാർച്ച് 2012

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org

# വിഷയവിവരം

1. ഈശപ്രാർത്ഥന

2

2. ലളിതാസഹസ്രനാമ വ്യാഖ്യാനം

5

3. സംസ്കൃതപാഠം

11

4. തിരിച്ചറിയണം ഈ
കോടാലിക്കയ്യുകളെ

17

5. കാളിദാസന്റെ ശിവഭക്തി

20

6. ഗൃഹസ്ഥാശ്രമികൾക്ക് ഭാരതീയ
സംസ്കൃതിയിൽനിന്ന് ഒരേട്

21

7. തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം

30

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപ സമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# ഈശപ്രാർത്ഥന

സമ്പാദകൻ : ഡി. പ്രകാശ്

മധു- ദാനവ- ദാരണ- ദേവവരം
വര- വാരിജ- ലോചന- ചക്ര- ധരം,
ധരണീ- ധര- ധാരണ- ധ്യേയപദം
പരമാർത്ഥധിയാശ്ശുഭനാശകരം.

മധുവെന്ന അസുരനെ കൊന്ന ദേവശ്രേഷ്ഠനും താമരക്കണ്ണുകളോടു കൂടിയവനും സുദർശനചക്രം ധരിച്ചവനും ചക്രവർത്തിപദം ലഭിക്കാൻ ലക്ഷ്യമാക്കേണ്ട സ്ഥാനവും അശുഭത്തെ നശിപ്പിക്കുന്നവനുമായ ഹരിയെ ഞാൻ പരമാർത്ഥബുദ്ധിയാൽ നമിക്കുന്നു.

കര- ചൂർണ്ണിത- ചേദിപ- ഭൂരിഭഗം
ഭഗ- ഭൂഷണകാർച്ചിത- പാദയുഗം,
യുഗ- നായക- നാഗര- വേശ- രുചിം
രുചിരാംശുപിധാന- ശരീര- ശുചിം.

ശിശുപാലനെ വധിച്ചവനും ഐശ്വര്യവാനും സർപ്പഭൂഷണനാൽ അർച്ചിക്കപ്പെടുന്ന പാദയുഗത്തോടുകൂടിയവനും യുഗപുരുഷന്റെ നാഗരികവേഷത്താൽ ശോഭിക്കുന്നവനും രമണീയവസ്ത്രശോഭയാൽ മറയ്ക്കപ്പെട്ട ശരീരത്തോടുകൂടിയവനുമായ ഹരിയെ ഞാൻ നമിക്കുന്നു.

ശുചിചാമര- വായു- നിഷേവ്യ- തനും
തനുമധ്യഗ- ദേഹ- സുവേശഹനും,
ഹനുമന്ത- ഹരീശ- സഹായ- രതം
രതരാഗ- പരായണ- ശത്രുനതം.

ശുദ്ധമായ ചാമരത്തിന്റെ കാറ്റേല്ക്കുന്ന ശരീരത്തോടുകൂടിയവനും സുന്ദരഗാത്രനും (കൃശോദരനും) സുന്ദരമായ താടിയെല്ലോടുകൂടിയവനും ഹനുമാനെയും സുഗ്രീവനെയും സഹായിക്കുന്നതിൽ തല്പരനും ലൗകികസുഖലോലുപരെ പോഷിപ്പിക്കുന്ന ശത്രുക്കളാൽ നമിക്കപ്പെടുന്നവനുമായ ഹരിയെ ഞാൻ നമിക്കുന്നു.

നത- വർത്തുള- പീന- സുദീർഘ- ഭുജം
ഭുജഗാധിപ- തല്പ- ശയാനമജം,
അജരാമര- വിഗ്രഹ- വിശ്വഗുരും
ഗുരു- ഗോധന- കാമദ- കല്പതരും.

കുനിഞ്ഞ് ഉരുണ്ടുതടിച്ച സുദീർഘമായ കൈകളോട്ടുകൂടിയവനും ആദിശേഷനെ കിടക്കയാക്കിയവനും അജനും ജരാമരണങ്ങളില്ലാത്തവനും വിശ്വഗുരുവും ശ്രേഷ്ഠമായ ഗോധനം തുടങ്ങിയ ഏതു് ആഗ്രഹത്തെയും തരുന്ന കല്പവൃക്ഷവുമായിരിക്കുന്ന ഹരിയെ ഞാൻ നമിക്കുന്നു.

തരുണീമനമോഹന- സർവ്വശുഭം
ശുഭമംഗളദായക- നീലനിഭം,
ഇഭ- കുംഭജ- മൗക്തിക- മാല്യവഹം
ബഹുലോരസമിഷ്ടദസർവ്വസഹം.

സുന്ദരിമാരുടെ മനസ്സിനെ മോഹിപ്പിക്കുന്നവനും സർവ്വർക്കും മംഗളപ്രദനും മംഗളത്തെ ചെയ്യുന്ന നീലശോഭയോട്ടുകൂടിയവനും ആനയുടെ മസ്തകത്തിൽനിന്നുണ്ടായ മുത്തുകൊണ്ട് ഉണ്ടാക്കിയ മാല ധരിയ്ക്കുന്നവനും വലിയ മാറിടവും അഭീഷ്ടങ്ങളെ തരുന്നവനും ക്ഷമാശീലനുമായ ഹരിയെ ഞാൻ നമിക്കുന്നു.

സദയായതപദ്മളാക്ഷചിദം
ചിത്സൗഖ്യവിനോദനവേദവിദം,
വിദുഷാം മനമണ്ഡനകംബുഗളം
ഗളശോഭിത- കൗസ്തുഭ- ഭീമബലം.

ദയയുള്ളതും താമരയിതൾപോലെ നീണ്ടതുമായ കണ്ണാകുന്ന മനസ്സുള്ളവനും പരമാനന്ദത്തിൽ രമിപ്പിക്കുന്ന അറിവിനെ വശത്താക്കിയവനും പണ്ഡിതമനസ്സിനെ സന്തോഷിപ്പിക്കുന്ന ധ്വനിയോട്ടുകൂടിയവനും കഴുത്തിൽ ശോഭിക്കുന്ന കൗസ്തുഭരത്നമാകുന്ന അതിശക്തവും മഹത്ത്വമേറിയതുമായ ബലത്തോട്ടുകൂടിയവനുമായ ഹരിയെ ഞാൻ നമിക്കുന്നു.

ബലഭദ്രസഹോദര- സഭ്യ- വപും
വപുനിർജ്ജിതവിശ്വമുരാദിരിപും,
രിപു- യൂഥപ- യൂഥപ- ദർപഹരം
ഹരമൗലി- നിഘൃഷ്ട- പദാംബുരുഹം.

ബലരാമസഹോദരനും മറ്റുള്ളവരെ ആകർഷിക്കുന്ന ശരീരമുള്ളവനും വിശ്വോത്തരരായ മുരൻ തുടങ്ങിയ ശത്രുക്കളെ തോല്പിച്ചവനും ശത്രുക്കളുടെ ആനത്തലവന്റെയും ആനപാപ്പാന്റെയും അഹങ്കാരത്തെ അടക്കിയവനും ഹരമൗലിയാൽ സ്പർശിക്കപ്പെട്ട ചരണങ്ങളോട്ടുകൂടിയവനുമായ ഹരിയെ ഞാൻ നമിക്കുന്നു.


പരലോക- സഹായ- സഹസ്രമുഖം
മുഖരാളികുലാകുലമാല്യസുഖം,

സുഖ-മോക്ഷദ-ദക്ഷ-രമാരമണം
മനസാ/പരിമേയ-സഹസ്രഫണം.

പരലോകഗതിക്ക് സഹായിയും സഹസ്രമുഖനും വണ്ടുകളുടെ ശബ്ദത്താൽ മുഖരിതമായ മാല അണിഞ്ഞവനും ഭോഗമോക്ഷങ്ങൾ കൊടുക്കുന്നവനും രമയുടെ രമണനും മനസ്സുകൊണ്ടുപോലും അളക്കാൻ പറ്റാത്തവിധം ധാരാളം ഫണങ്ങളുള്ള അനന്തനോടുകൂടിയവനുമായ ഹരിയെ ഞാൻ നമിക്കുന്നു.

പ്രണതോ/സ്മി നതോ/സ്മി നതോ/സ്മി ഹരിം
ഹരിവൈരി-കൃതാസന-ഭോഗ്യ-ഹരിം,
ഹരി-കിംകര ശംകര ഈശപദേ
പദമിച്ഛൻ ഗായതി ചാമൃതപദേ.

തവളയുടെ ശത്രുവായ പാമ്പിനെ ഇരിപ്പിടമാക്കിയ ഹരിയെ ഞാൻ നമിക്കുന്നു. ഹരിയുടെ കിങ്കരനായ ശങ്കരൻ ഈശപദത്തിലും അമൃതപദത്തിലും സ്ഥാനത്തെ ആഗ്രഹിക്കുന്നവനായി (ഈശ്വരലബ്ധിക്കും അമൃതലബ്ധിക്കും വേണ്ടി) പാടുന്നു.



## ഉത്തരസഞ്ചയിക

ശാംഭവിയുടെ മാന്യവായനക്കാർക്ക് തന്ത്രശാസ്ത്രവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനായി ഒരു പുതിയ പംക്തി 'ഉത്തരസഞ്ചയിക' എന്ന പേരിൽ അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു. ഇതിൽ വായനക്കാർക്ക് തന്ത്രശാസ്ത്രവുമായി ബന്ധപ്പെട്ട ഏതു സംശയവും ഉന്നയിക്കാവുന്നതാണ്. ലഭിക്കുന്ന ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന ഏറ്റവും പ്രസക്തമായ സംശയങ്ങൾക്കുള്ള മറുപടി ശാംഭവിയുടെ തുടർന്നുള്ള ലക്കങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതാണ്. എല്ലാ മാന്യവായനക്കാരുടേയും സജീവവും സർഗ്ഗാത്മകവുമായ പിന്തുണ ഈ പംക്തിയിൽ ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇതിലേയ്ക്ക് ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം : ശ്രീപുരം താന്ത്രിക ഗവേഷണകേന്ദ്രം, മാടായിക്കോണം, ഇരിങ്ങാലക്കുട, തൃശ്ശൂർ 680 712.

# ലളിതാസഹസ്രനാമ വ്യാഖ്യാനം

എൽ. ഗിരീഷ്കുമാർ

ബ്രഹ്മാണ്ഡപുരാണാന്തർഗതമായ ലളിതാസഹസ്രനാമത്തിന്റെ വ്യാഖ്യാനമാണ് ഇവിടെ ആരംഭിക്കുന്നത്. വിഷ്ണുപുരാണം, ഭാഗവതപുരാണം എന്നീ പുരാണങ്ങളുടെ അഭിപ്രായത്തിൽ ഏറ്റവും അവസാനത്തെ പുരാണമാണ് ബ്രഹ്മാണ്ഡപുരാണം. ആ പുരാണത്തിൽ അവസാനഭാഗത്ത് നാല്പതു അദ്ധ്യായങ്ങളിലായി ലളിതാദേവിയുടെ കഥ വിവരിക്കുന്നു. പിന്നീടുള്ള മൂന്നു അദ്ധ്യായങ്ങളിലായി ലളിതാദേവിയുടെ സഹസ്രനാമങ്ങളുണ്ട്. എല്ലാ ദേവീദേവന്മാർക്കും സഹസ്രനാമങ്ങളുണ്ട്. ലളിതാദേവിയുടെ അനേകം സഹസ്രനാമങ്ങളിൽ വച്ച് രഹസ്യനാമസാഹസ്രം എന്നു വിളിക്കപ്പെടുന്നതും ബ്രഹ്മാണ്ഡപുരാണാന്തർഗതവുമായ സഹസ്രനാമമാണ് അതീവശ്രേഷ്ഠം. ഇക്കാര്യം ഓരോ നാമങ്ങളെയും സശ്രദ്ധം വീക്ഷിക്കുമ്പോൾ നമുക്കു മനസ്സിലാകും. ദേവിയുടെ നാമങ്ങളുടെ പഠനത്തിലൂടെ ഈ സഹസ്രനാമം ഹൈന്ദവസംസ്കാരത്തിന്റെ സാരമാണെന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

1. ശ്രീമാതാ ശ്രീമഹാരാജ്ഞീ ശീമത്സിംഹാസനേശ്വരീ
   ചിദഗ്നികുണ്ഡസംഭൂതാ ദേവകാര്യസമുദ്യതാ

**ശ്രീമാതാ - ഈ നാമത്തിന് അമ്മ, ദേവി, സൃഷ്ടികർത്ത്രീ**, വിഷത്തെ നിയന്ത്രിച്ചവൾ, ഐശ്വര്യത്തെ അളന്ന് ചെറുതാക്കിയവൾ, പ്രപഞ്ചോത്പത്തിക്കു കാരണഭൂതാ എന്നെല്ലാം അർത്ഥം പറയാം. ഈ ഓരോ അർത്ഥങ്ങളെയും സൂക്ഷ്മമായി വിശകലനം ചെയ്യാനാകും.

**അമ്മ - സഹസ്ര**നാമത്തിലെ ആദ്യനാമം ഏതായിരിക്കണം എന്നതിൽ വാഗ്ദേവതകൾക്ക് യാതൊരു സംശയവുമുണ്ടായിരുന്നില്ല. വിഭിന്ന ഭാഷകളിൽ (മാ, മയി, അമ്മ എന്നിങ്ങനെ) വിഭിന്ന ശബ്ദങ്ങളാൽ പ്രകടിതമാകുന്ന ഒരൊറ്റ അർത്ഥത്തെ പ്രകാശിപ്പിക്കുന്ന 'ശ്രീമാതാ' എന്ന നാമംതന്നെ ഏറ്റവും ഉചിതം. മനുഷ്യരാശിയുടെ നാവിൽ ആദ്യം വന്ന അർത്ഥഗർഭമായ വാക്ക് അമ്മ എന്നാണ്. പ്രപഞ്ചത്തിന്റെ മൂലശക്തിയെ ആദ്യം സംബോധനചെയ്യാൻ യോജിച്ച നാമം അമ്മ എന്നർത്ഥത്തിലുള്ള 'ശ്രീമാതാ' എന്നതുതന്നെയാണ്.

മനുഷ്യരാശിയുടെ ശൈശവദശയിൽ അതായത് ഈശ്വരസങ്കല്പത്തിന്റെ അഭാവദശയിൽ ആഹാരാർത്ഥം ദേശാന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കാലത്ത് പ്രകൃതിയിലെ പരിണാമങ്ങളെ നിരീക്ഷിച്ച മനു

ഷ്യൻ തന്റെ ശക്തിക്ക് അധീനമല്ല ഈ പ്രപഞ്ചത്തിലെ ഒന്നുംതന്നെയെന്ന് ബോദ്ധ്യമായി. മനുഷ്യനിലെ സഹജമായ ജിജ്ഞാസ അവനെ നിരീക്ഷണത്തിന് പ്രേരിപ്പിച്ചു. പ്രകൃതിയിലെ ഋതുഭേദങ്ങൾ അവനിൽ അത്ഭുതമുണ്ടാക്കി. പരീക്ഷണം, നിരീക്ഷണം, അനുമാനം, നിഗമനം എന്ന ശാസ്ത്രീയതയുടെ അടിസ്ഥാനത്തിൽ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ശക്തിതന്നെയാണ് അവനവനെയും നിയന്ത്രിക്കുന്നത് എന്ന നിഗമനത്തിൽ മനുഷ്യൻ എത്തിച്ചേർന്നു. തന്നിൽ അത്ഭുതമുണ്ടാക്കിയ ഈ പ്രപഞ്ചത്തിന്റെ ഉൽപത്തി എവിടെനിന്നാണെന്നും ആരിൽനിന്നാണെന്നും കണ്ടുപിടിക്കുവാൻ ആദിമമനുഷ്യർ ശ്രമിച്ചു. സ്ത്രീയുടെ പ്രജനനരഹസ്യം മനസ്സിലാക്കിയ മനുഷ്യൻ പ്രപഞ്ചത്തിന്റെ ഉല്പത്തി സ്ത്രീയിൽ നിന്നാണെന്നും അവൾ അമ്മയായിരിക്കണമെന്നുമുള്ള നിഗമനത്തിൽ എത്തിച്ചേർന്നു. ലോകത്തിന്റെ ഈശ്വരീയ ശക്തിയെ അമ്മ എന്നു വിളിക്കണമെന്ന് ഭാരതീയ ഋഷീശ്വരന്മാർ ഇപ്രകാരം പറയുന്നു.

അമ്മയുടെ വയറ്റിലായിരുന്ന കാലം നമ്മുടെയും അമ്മയുടെയും ജീവൻ ഒന്നായിരുന്നു. അതിനനുസരിച്ച് അമ്മയുടെയും നമ്മളുടെയും ശ്വാസവും ഭക്ഷണവും രക്തചംക്രമണവും ഒന്നായിരുന്നു. ഒരു മഴത്തുള്ളിയിൽനിന്ന് മറ്റൊരു മഴത്തുള്ളി എന്നപോലെ പ്രസവിച്ചപ്പോൾ നമ്മൾ വേറെയായിതീർന്നുവെങ്കിലും നമ്മൾ അമ്മയുടെ അവിഭാജ്യഘടകമായിരുന്നു. 'ശ്രീമാതാ' എന്ന് പ്രപഞ്ചശക്തിയെ വിളിക്കുമ്പോൾ നാം ഓരോരുത്തരും ഈ പ്രപഞ്ചം മുഴുവനും പ്രപഞ്ചശക്തിയുടെ അവിഭാജ്യഘടകമാണെന്ന് നാം ഓർമ്മിക്കും. അതുപോലെ നമ്മുടെ ഈ ജന്മത്തിലെ പ്രാപഞ്ചിക അമ്മയും ലളിതാപരമേശ്വരി തന്നെയെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ശ്രീ എന്ന പ്രയോഗം ശ്രേഷ്ഠതയെ കുറിക്കുവാനാണ്.

**ദേവീ - 'ശ്രീമാതാ' എന്നതിൽ ശ്രീശബ്ദത്തിന് 'ലക്ഷ്മി'** എന്നർത്ഥമെടുത്താൽ മഹാലക്ഷ്മിയുടെയും ഉറവിടമായ ദേവി എന്നു ലഭിക്കും. ശ്രീ എന്നത് ഉപലക്ഷണമാണിവിടെ. അതുകൊണ്ട് സരസ്വതി, പാർവ്വതി എന്നീ ശക്തികളെയും ശ്രീ എന്നതുകൊണ്ട് അർത്ഥമാക്കണം. അപ്പോൾ മഹാലക്ഷ്മി, സരസ്വതി, പാർവ്വതി എന്നീ പ്രാപഞ്ചികശക്തികളുടെയുംകൂടി അമ്മയായ ദേവിയാണ് ലളിതാപരമേശ്വരി എന്നു കിട്ടും.

**സൃഷ്ടികർത്ത്രീ - പ്രസവിച്ചു കഴിയുമ്പോഴാണ് സ്ത്രീ അമ്മയാകുന്ന**ത്. അപ്രകാരം സൃഷ്ടിച്ച് കഴിയുമ്പോഴാണ് പരാശക്തി അമ്മയാകുന്നത്. അതിനാൽ ഈ ദേവി സൃഷ്ടികർത്ത്രിയാകുന്നു.

**വിഷത്തെ നിയന്ത്രിച്ചവൾ - ശ്രീ എന്നതിന് വിഷമെന്നും അർത്ഥ**മുണ്ട്. അതുകൊണ്ടാണ് വിഷം കണ്ഠത്തിലുള്ളവനെ ശ്രീകണ്ഠൻ എന്നു പറയുന്നത്. മാതാ എന്നതിന് അളന്നവളെന്നും നിയന്ത്രിച്ചവളെന്നും അടക്കിനിർത്തിയവളെന്നും അർത്ഥം പറയാം. അങ്ങനെ ശ്രീമാതാ എന്ന

നാമത്തിന് ശിവന്റെ കണ്ഠത്തിലെ വിഷത്തെ അടക്കിനിർത്തിയ ദേവി എന്നർത്ഥം വന്നു ചേരും.

**ഐശ്വര്യത്തെ അളന്നു ചെറുതാക്കിയവൾ -** ശ്രീക്ക് ഐശ്വര്യമെന്നും അർത്ഥമുണ്ട്. മാ എന്നാൽ അളക്കുന്നവൾ. അങ്ങനെ ഐശ്വര്യത്തെ അളന്ന് കാണിച്ചവൾ. ഐശ്വര്യമെന്നാൽ ഈശ്വരന്റെ അവസ്ഥ. ഈശ്വരന്റെ അവസ്ഥയെ അളക്കുക എന്നുവെച്ചാൽ ഈശ്വരൻ അല്ലാതായിത്തീരുക എന്നർത്ഥം. ഈശ്വരനായ ശിവൻ, ശിവന്റെതന്നെ ശക്തികൊണ്ട് ശിവനല്ലാതെ ജീവനായിത്തീർന്നു. അങ്ങനെ ശിവനെ ജീവനാക്കിയ ശക്തിയെ ശ്രീമാതാ എന്നു പറയുന്നു.

**പ്രപഞ്ചോത്പത്തിക്കു കാരണഭൂതാ - തന്ത്രശാസ്ത്രത്തിൽ കാണു**ന്നയാൾ, കാണപ്പെടുന്ന വസ്തു, കാഴ്ച എന്നീ മൂന്നെണ്ണത്തെയും ചേർത്ത് 'ത്രിപുടി' എന്നു പറയും. വേദാന്തത്തിൽ ജ്ഞാന (knowledge) ജ്ഞാതൃ (subject) ജ്ഞേയ (object) ങ്ങൾ എന്നു വിളിക്കുന്നു. തന്ത്രത്തിൽ അവയെ മാനമാതൃമേയങ്ങൾ എന്നാണ് വിളിക്കുന്നത്. അങ്ങനെ കാണുന്നയാളായ ജ്ഞാതാവിനെ പ്രമാതാവ് എന്നാണ് തന്ത്രത്തിൽ വിളിക്കുന്നത്. പ്രമാതാവ് നാം ഓരോരുത്തരുമാണ്. ആ 'ഞാൻ' ഉണ്ടെങ്കിലേ എന്റെ പ്രപഞ്ചമുള്ളൂ. ഈ പ്രപഞ്ചം എന്നെ കേന്ദ്രീകരിച്ച് നില്ക്കുന്നു. 'ശ്രീമാതാ' എന്ന നാമത്തിലെ മാതൃശബ്ദം ഈ പ്രമാതാവിനെ കുറിയ്ക്കുന്നു. അതുകൊണ്ട് ദേവി പ്രമാതാവാകുന്നു. ഈ പ്രമാതാവ് എന്നെ സംബന്ധിച്ച് ഞാനാകുന്നു. അപ്പോൾ ഈ പ്രപഞ്ചത്തിന്റെ ഉല്പത്തി എന്നിൽ നിന്നാകുന്നു. ഈ ഞാൻ പരാശക്തി ആകുന്നു. ഇത്രയും അർത്ഥവ്യാപ്തി ഈ നാമത്തിനുണ്ട്.

**ശ്രീമഹാരാജ്ഞീ - ഈ നാമത്തിന്റെ അർത്ഥ**ങ്ങൾ സംരക്ഷണകർത്ത്രീ, മഹദർത്ഥത്തെ പ്രകാശിപ്പിക്കുന്നവൾ എന്നെല്ലാം ആണ്. ഇവയെയും നമുക്കൊന്ന് പരിശോധിക്കാം.

**സംരക്ഷണകർത്ത്രീ** - രാജ്യസംരക്ഷണദായിത്വം രാജാവിൽ എന്നപോലെ മുഴുവൻ പ്രപഞ്ചത്തിന്റെയും സംരക്ഷണചുമതല ദേവിയിൽ എന്ന് ദ്യോതിപ്പിക്കുന്നതാണ് മഹാരാജ്ഞീ എന്ന നാമം.

ആദ്യനാമമായ ശ്രീമാതാ എന്നത് മാതൃഭാവത്താൽ ഓരോ ഭക്തനിലും സനാഥനാണ് താനെന്ന ബോധം ജനിപ്പിക്കുമ്പോൾ താൻ സംരക്ഷിതനാണെന്ന ബോധമാണ് ശ്രീമഹാരാജ്ഞീ എന്ന നാമം ഉണ്ടാക്കുന്നത്. പാപമാകുന്ന അഴുക്കുകൊണ്ട് പങ്കിലമായ മനസ്സോടെയും ശരീരത്തോടെയും അമ്മയിലേക്ക് ഓടി അടുക്കുവാൻ ഒരു മടിയും പേടിയും മക്കൾക്കില്ല. മക്കൾ ഏതുപ്രകാരമാണോ ഉള്ളത് അതേപോലെ അംഗീകരിക്കുവാൻ അമ്മയും ഒരു മടിയും കാണിക്കാറില്ല. ഇതാണ് ശ്രീമാതാ എന്ന നാമത്തിന്റെ വൈകാരികമായ തലമെങ്കിൽ വിപരീ ▸▸

ത വൈകാരികതലമാണ് ശ്രീമഹാരാജ്ഞീ നാമം ഉണ്ടാക്കുന്നത്. ഒരു രാജസദസ്സിലേക്ക് എന്നപോലെ ഭയഭക്തിബഹുമാനപുരസ്സരം ഒരു പ്രത്യേക പെരുമാറ്റചട്ടത്തോടെ മാത്രമേ ദേവിയെ സമീപിക്കുവാൻ പറ്റൂ എന്ന ബോധം നമ്മളിൽ ഉണർത്തും. അങ്ങനെ അമ്മ മഹാറാണിയും കൂടിയാകുന്നു.

**മഹദർത്ഥത്തെ പ്രകാശിപ്പിക്കുന്നവൾ - രാജൃ ദീപ്തൗ എന്ന ധാതുജ** ന്യമാകയാൽ രാജ്ഞീ എന്ന ശബ്ദത്തിന് പ്രകാശിപ്പിക്കുന്നവൾ എന്നർത്ഥമുണ്ട്. മഹത്തായതിനെ പ്രകാശിപ്പിക്കുന്നവൾ മഹാരാജ്ഞീ. മഹത്തായിട്ടുള്ളത് ശരിക്കുമുള്ള അറിവാണ്. ആ അറിവ് പരബ്രഹ്മമായിട്ടുള്ള പരമശിവൻതന്നെ. മഹാ എന്ന ശബ്ദത്തിന്റെ അർത്ഥം പരിശോധിക്കാം. സംസ്കൃതത്തിലെ ചില ശബ്ദങ്ങളുടെ യഥാർത്ഥമായ അർത്ഥം മനസ്സിലാക്കുവാൻ ആ വാക്കിലെ അക്ഷരങ്ങളെ തിരിച്ചിട്ട് വായിക്കണം. കശ്യപൻ എന്നത് പശ്യകൻ എന്നാണ്. അതുപോലെ മഹാ എന്നതിനെ തിരിച്ചിട്ടാൽ അഹം എന്നാണ് അർത്ഥം വരിക. അവസാനത്തെ അകാരം, നടുവിലത്തെ ഹകാരം ആദ്യത്തെ മകാരമാകുന്ന അനുസ്വാരം എന്നീ ക്രമത്തിലെഴുതിയാൽ യഥാർത്ഥത്തിലുള്ള 'ഞാൻ' എന്നർത്ഥമുള്ള 'അഹം' എന്ന വാക്ക് കിട്ടും. നമ്മളിലുള്ള യഥാർത്ഥ സ്വഭാവത്തെ ഓരോരുത്തർക്കും പ്രകാശിപ്പിച്ചുതരുന്നവൾ എന്ന അർത്ഥമായി മഹാരാജ്ഞീ എന്ന നാമത്തിന്.

**ശ്രീമത് സിംഹാസനേശ്വരീ - ഇതിനർത്ഥം സംഹാരകർത്ത്രീ** എന്നാണ്. ഇതിനെ അല്പംകൂടി ആഴത്തിൽ പരിശോധിക്കാം.

ശ്രീമത്തായിരിക്കുന്ന സിംഹാസനത്തിൽ ഇരിക്കുന്ന ഈശ്വരീ എന്ന വാച്യാർത്ഥം ഒറ്റനോട്ടത്തിൽ കിട്ടും. ദേവി അമ്മയും മഹാറാണിയുമാണ് എന്ന് മുൻനാമങ്ങളിൽ പറഞ്ഞു. അടുത്തതായി അവൾ സിംഹാസനത്തിൽ ഇരിക്കുന്ന ഈശ്വരിയും കൂടിയാണെന്ന് പറയുമ്പോൾ ശിക്ഷിക്കാനുള്ള അധികാരവും ഉത്തരവാദിത്വവുമുള്ള ഈശ്വരീ എന്ന അർത്ഥം ദേവിക്ക് യോജിക്കുന്നതായി വരുന്നു. കാരണം, പണ്ട് രാജാക്കന്മാർ ദണ്ഡനീതി നടപ്പാക്കിക്കൊണ്ടിരുന്നത് 4 സിംഹങ്ങളുടെ പ്രതിരൂപങ്ങൾ നാലുകാലുകളായിട്ടുള്ള ഇരിപ്പിടത്തിൽ ഇരുന്നുകൊണ്ടാണ്. രാജാക്കന്മാർ ന്യായാന്യായവിചാരണചെയ്ത് ശിക്ഷ നടപ്പിലാക്കിയിരുന്നത് സിംഹാസനാരൂഢനായിട്ടാണെന്ന് വിക്രമാദിത്യകഥകളിൽ കാണാമല്ലോ. 'സിംഹ' എന്നത് തിരിച്ചിട്ടാൽ ഹിംസ എന്നാകും. ഹിംസയ്ക്ക് അതായത് നിഗ്രഹിക്കുവാൻ അധികാരിയുംകൂടിയാണ് ദേവി എന്നു വരുന്നു. ഈയൊരു അർത്ഥവ്യാപ്തിയോടെ ശ്രീമത് സിംഹാസനേശ്വരീ എന്ന നാമം സ്മരിക്കുമ്പോൾ നമ്മുടെ മനസ്സ്, ചിന്ത, പ്രവൃത്തി എന്നിവയെക്കുറിച്ച് നമ്മൾ അവധാനമുള്ളവരായിത്തീരും.

ദേവിയുടെ ചെയ്തി വെളിപ്പെടുത്തുന്ന സൃഷ്ടികർത്ത്രീ, സംരക്ഷകർത്ത്രീ, സംഹാരകർത്ത്രീ എന്നീ അർത്ഥതലങ്ങളുള്ള ഈ 3 നാമങ്ങൾ അർത്ഥബോധത്തോടെ ഉൾക്കൊണ്ടാൽ ദേവിയെ സമീപിക്കേണ്ടവിധം മനസ്സിലാകും. സൃഷ്ടിക്കുകയും സൃഷ്ടിച്ചതിനെയെല്ലാം പരിപാലിക്കുകയും പരിപാലിച്ചതിനെയെല്ലാം തിരിച്ചെടുക്കുകയും ചെയ്യുന്നതിൽ പ്രിയയായിട്ടിരിക്കുന്നവളായ ദേവി ആരെന്ന് ഈ മൂന്നു നാമങ്ങളും വെളിപ്പെടുത്തി. കൂടാതെ ദേവീഭക്തന്റെ ഗുണവും സ്വഭാവവും ഇതിൽനിന്നും മനസ്സിലായി.

ദേവി എവിടെനിന്നു വരുന്നു എന്ന് അടുത്തനാമം പറയുന്നു.

**ചിദഗ്നികുണ്ഡസംഭൂതാ - ഈ പദത്തിനർത്ഥം അഗ്നികുണ്ഡ**ത്തിൽ നിന്ന് സംഭവിച്ചവൾ എന്നാണ്. ഈ നാമത്തിലെ അഗ്നിശബ്ദത്തിന് എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നവൻ എന്ന അർത്ഥം പറയാം. അഗ്നി എന്ന വേദത്തിലുള്ള ശബ്ദത്തിൽനിന്നാണ് വിഷ്ണു എന്ന പുരാണസങ്കല്പമുണ്ടായിട്ടുള്ളത്. 'വ്യാപ്നോതി ഇതി വിഷ്ണു' - വിഷ്ണു എന്ന ശബ്ദത്തിന് എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നവൻ എന്നർത്ഥം. അഗ്നിയുടെ മറ്റൊരു പര്യായമാണ് ജാതവേദസ്സ്. ഉണ്ടാകുന്നതിനെയെല്ലാം ഉണ്ടാകുമ്പോൾത്തന്നെ അറിയുന്നവൻ എന്നാണ് അതിനർത്ഥം. എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നവനാണെങ്കിലേ ജാതവേദസ്സാകാൻ സാധിക്കൂ. കുണ്ഡമെന്നാൽ ഗുഹ. നമ്മുടെയെല്ലാം ഹൃദയാന്തർഭാഗത്ത് ഈ അഗ്നി ഒളിഞ്ഞുകിടക്കുകയാണ്. എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നതാണ് ആത്മബോധമാകുന്ന അഗ്നി. അഗ്നി എന്ന ശക്തിവിശേഷം ബോധമാണെന്ന് പറയുകയാണ് ചിത്ത് എന്നതുകൊണ്ട്. അങ്ങനെ എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നതും നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ മറഞ്ഞിരിക്കുന്നതുമായ ചിദഗ്നിയിൽനിന്നാണ് ദേവി ഉണ്ടായത് എന്നർത്ഥം നമുക്കിവിടെ വെളിപ്പെടുന്നു. ഇപ്രകാരം നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽനിന്ന് പ്രകടമായി പുറത്തേയ്ക്ക് വരേണ്ടുന്ന ഒരു ശക്തിയാണ് ദേവി എന്ന് വ്യഷ്ടിതലത്തിൽ പറയാം. സമഷ്ടിതലത്തിലാണെങ്കിൽ ഇന്ദ്രപ്രസ്ഥം എന്ന സ്ഥലത്ത് മഹായാഗം ചെയ്തപ്പോൾ യാഗാഗ്നിയിൽനിന്ന് പുറത്തേയ്ക്ക് വന്നവളാണ് ദേവിയെന്ന് പറയാം. ഇത്രയുംകൊണ്ട് ദേവിയെ നമ്മുടെ ഉള്ളിലാണ് അന്വേഷിക്കേണ്ടതെന്ന് മനസ്സിലാക്കാം.

**ദേവകാര്യസമുദ്യതാ - ഇതിന് ദേവകാര്യത്തിന് പ്രവർത്തിച്ചു**കൊണ്ടിരിക്കുന്നവൾ, ഇന്ദ്രിയകാര്യത്തിന് അവതരിച്ചവൾ, ഇന്ദ്രിയബന്ധനത്തിൽനിന്ന് ഞാൻ എന്ന അല്പബോധത്തെ മോചിപ്പിക്കുവാൻ പ്രവർത്തിക്കുന്നവൾ എന്നെല്ലാം അർത്ഥം പറയാം.

**ദേവകാര്യത്തിന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവൾ - ദേവന്മാ**ർ മറ്റുള്ളവരുടെ കാര്യത്തിന് പ്രവർത്തിക്കുന്നവരാണ്. അഗ്നി കത്തുന്നതും ▸▸

കാറ്റുവീശുന്നതും ഇന്ദ്രൻ മഴ പെയ്യിക്കുന്നതും മറ്റുമെല്ലാം മറ്റുള്ളവർക്കു വേണ്ടിയാണ്. ഞാൻ, എനിക്ക്, എന്റേത് എന്നത് മനസ്സിൽവെച്ച് അതിനുവേണ്ടിയാണ് അസുരന്മാർ പ്രവർത്തിക്കുന്നത്. അതുകൊണ്ട് ദേവന്മാർ ശിഷ്ടരും അസുരന്മാർ ദുഷ്ടരുമായി. ദുഷ്ടനായാലും ശിഷ്ടനായാലും വേണ്ടത് വേണ്ടതുപോലെ ചെയ്താൽ അതായത് തപസ്സുചെയ്താൽ ഈശ്വരൻ പ്രത്യക്ഷപ്പെടും. എന്നാൽ പരാർത്ഥമായിട്ടുള്ള ദേവന്മാരുടെ പ്രവൃത്തിയിൽ തല്പരയാണ് ദേവി. അവനവന്റെ കാര്യത്തിനുവേണ്ടി മാത്രമുള്ള അസുരന്മാരുടെ പ്രവൃത്തി പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥയെ തെറ്റിക്കും. അതുകൊണ്ട് നിസ്വാർത്ഥരായ ദേവന്മാരുടെ കാര്യത്തിനു വേണ്ടി അവതരിച്ചവളാണ് ദേവി. നമ്മുടെ കാര്യത്തിൽ തല്പരയായി ദേവി തീരണമെങ്കിൽ നമ്മൾ നിസ്വാർത്ഥരായിത്തീരണം.

**ഇന്ദ്രിയകാര്യത്തിന് അവതരിച്ചവൾ**

ദേവന്മാർ വ്യഷ്ടി ശരീരത്തിൽ നമ്മുടെ ഇന്ദ്രിയങ്ങളാണ്. ഓരോ ഇന്ദ്രിയങ്ങൾക്കും ഓരോ ദേവതയുണ്ട്. വലത്തേ കണ്ണിന് സൂര്യൻ, ഇടത്തേ കണ്ണിന് ചന്ദ്രൻ, ചെവികൾക്ക് ദിക്പാലകന്മാർ, മൂക്കിന് അശ്വനിദേവന്മാർ, വാക്കിന് അഗ്നി, നാക്കിന് വരുണൻ, ത്വക്കിന് വായു, പാദങ്ങൾക്ക് വിഷ്ണു, കൈകൾക്ക് ഇന്ദ്രൻ എന്നിങ്ങനെ. മനസ്സിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് ഇന്ദ്രിയങ്ങൾ തളർന്നു കഴിയുമ്പോൾ അവയുടെ സംരക്ഷണ പ്രവൃത്തി ചെയ്യുന്നവൾ ദേവിയാകുന്നു. അങ്ങനെ ഇന്ദ്രിയകാര്യത്തിന് അവതരിച്ചവളാകുന്നു ലളിതാദേവി.

**ഇന്ദ്രിയബന്ധനത്തിൽനിന്ന് അല്പബോധത്തെ മോചിപ്പിക്കുവാൻ പ്രവർത്തിക്കുന്നവൾ -** ഇന്ദ്രിയങ്ങളാണ് നമ്മളെ നമ്മളാക്കി നിർത്തിയിരിക്കുന്നത്. കാണുന്ന കണ്ണ്, കേൾക്കുന്ന കാത്, മണക്കുന്ന മൂക്ക്, രുചിക്കുന്ന നാക്ക്, സ്പർശിക്കുന്ന ത്വക്ക് എന്നീ അഞ്ച് ഇന്ദ്രിയങ്ങളെക്കൊണ്ട് മാത്രമേ ഈ പ്രപഞ്ചത്തെ നമുക്ക് അറിയാൻ സാധിക്കൂ. വിസ്തൃതമായ ഈ പ്രപഞ്ചത്തിൽ ഏതാനും നിറങ്ങളും രുചിഭേദങ്ങളും മറ്റും മാത്രമേ നമ്മുടെ അറിവന്റെ പരിധിയിൽ വരുന്നുള്ളൂ. നമ്മുടെ വർണ്ണശബ്ദഗന്ധരുചിസ്പർശപ്രപഞ്ചങ്ങൾ വളരെ പരിമിതമാണ്.

അങ്ങനെ ഇന്ദ്രിയങ്ങൾ കാരണം പരിമിതമായിത്തീർന്ന ഈ പ്രപഞ്ചത്തെ അറിയുന്ന ഞാൻ എന്ന ബോധവും പരിമിതനായേ പറ്റൂ. ആ ചുരുങ്ങിയബോധം പരിമിതിക്ക് കാരണമായ ഇന്ദ്രിയങ്ങൾക്ക് ഇടയിൽപ്പെട്ട് ബുദ്ധിമുട്ടുന്നു. ചുരുങ്ങിയ ഞാൻ എന്ന ബോധത്തെ പരിമിതിക്ക് കാരണമായ ഇന്ദ്രിയങ്ങളിൽനിന്ന് മോചിപ്പിക്കുവാൻവേണ്ടി എന്റെ ഉള്ളിൽനിന്ന് പുറത്തേയ്ക്ക് വരുന്ന ശക്തിയാണ് ഈ ദേവി എന്നർത്ഥം ഈ നാമത്തിന് വന്നുചേരുന്നു.

(തുടരും)

# സംസ്കൃതപഠനം

ഡി. പ്രകാശ്

വധൂ എന്നത് ഊകാരാന്ത സ്ത്രീലിംഗശബ്ദം
വധ്വൗ എന്നത് ദ്വിവചനരൂപം
വധ്വഃ എന്നത് ബഹുവചനരൂപം
മറ്റു ഉദാഹരണങ്ങൾ

| ശബ്ദം/പ്രകൃതി | അർത്ഥം | ഏകവചനം | ദ്വി | ബഹു |
|---|---|---|---|---|
| भ्रू | പുരികം | भ्रूः | भ्र्वौ | भ्र्वः |
| चमू | സേന | चमूः | चम्वौ | चम्वः |
| स्वश्रू | അമ്മായിയമ്മ | स्वश्रूः | स्वश्र्वौ | स्वश्र्वः |

## ഋകാരാന്ത സ്ത്രീലിംഗശബ്ദങ്ങളുടെ രൂപങ്ങൾ

ഭ്രാതൃ എന്നത് ഋകാരാന്ത പുല്ലിംഗശബ്ദം
ഭ്രാതാ എന്നത് ഏകവചനരൂപം
ഭ്രാതാരൗ എന്നത് ദ്വിവചനരൂപം
ഭ്രാതാരഃ എന്നത് ബഹുവചനരൂപം
മറ്റു ഉദാഹരണങ്ങൾ - ഇതിൽ സ്ത്രീലിംഗങ്ങളും ഉൾപെടും

| ശബ്ദം/പ്രകൃതി | അർത്ഥം | ഏകവചനം | ദ്വി | ബഹു |
|---|---|---|---|---|
| दुहितृ | മകൾ | दुहिता | दुहितारौ | दुहितारः |
| स्वसृ | സഹോദരി | स्वसा | स्वसारौ | स्वसारः |
| जामातृ | മകളുടെ ഭർത്താവ് | जामाता | जामातारौ | जामातारः |
| स्रष्टृ | സൃഷ്ടിക്കുന്ന വൻ/ബ്രഹ്മാവ് | स्रष्टा | स्रष्टारौ | स्रष्टारः |
| दातृ | ദാനം ചെയ്യു ന്നവൻ | दाता | दातारौ | दातारः |

മുകളിൽ കൊടുത്തിട്ടുള്ളവയിൽ ദ്വിതീയാബഹുവചനത്തിൽമാത്രം ▸▸

രൂപഭേദം കാണാം. അത് പിന്നീട് പഠിക്കാം.

ഋകാരാന്ത നപുംസകലിംഗത്തിലുള്ള രൂപഭേദം ശ്രദ്ധിക്കുക.

കർതൃശബ്ദം പുലിംഗത്തിലും നപുംസകത്തിലുമുണ്ട്. ഇവിടെ കൊടുക്കുന്നത് നപുംസകരൂപങ്ങൾ.

| ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|
| कर्तृ | कर्तृणी | कर्तॄणि |

## ഓകാരാന്ത പുല്ലിംഗ സ്ത്രീലിംഗശബ്ദരൂപങ്ങൾ

ഗോശബ്ദം പുല്ലിംഗത്തിലും സ്ത്രീലിംഗത്തിലുമുണ്ട്. പുല്ലിംഗത്തിൽ പശുവെന്നും സ്ത്രീലിംഗത്തിൽ കാള എന്നും അർത്ഥം. ദ്യോശബ്ദം സ്ത്രീലിംഗത്തിൽ മാത്രം.

| ശബ്ദം/പ്രകൃതി | അർത്ഥം | ഏകവചനം | ദ്വി | ബഹു |
|---|---|---|---|---|
| गो | പശു | गौः | गावौ | गावः |
| द्यो | സ്വർഗ്ഗം | द्यौः | द्यावौ | द्यावः |

## ഔകാരാന്ത സ്ത്രീലിംഗശബ്ദരൂപങ്ങൾ

| ശബ്ദം/പ്രകൃതി | അർത്ഥം | ഏകവചനം | ദ്വി | ബഹു |
|---|---|---|---|---|
| नौ | വഞ്ചി | नौः | नावौ | नावः |

ഇവയാണ് സ്വരത്തിൽ അവസാനിക്കുന്ന ശബ്ദങ്ങൾ പൊതുവേ പറഞ്ഞു വച്ചിട്ടുള്ളത്.

ഇതിൽതന്നെ ഇകാരാന്തമായ പതിശബ്ദം സഖിശബ്ദം എന്നിവയുടെ രൂപങ്ങളിൽ വ്യത്യാസം കാണാം. അവ സാന്ദർഭികമായി പറയാം.

സ്വരങ്ങൾ അവസാനം വരുന്ന ശബ്ദങ്ങളെ പരിചയപ്പെട്ടു. ഇനി വ്യഞ്ജനങ്ങൾ അവസാനം വരുന്നവയെ പരിചയപ്പെടാം. വ്യഞ്ജനങ്ങളെ 'ഹല്' എന്നും പറയും. അതുകൊണ്ട് ഇവയെ ഹലന്തങ്ങൾ എന്നു വിളിക്കുന്നു. വ്യഞ്ജനം അവസാനമുള്ളവയെ സകാരാന്തം, തകാരാന്തം, നകാരാന്തം, മകാരാന്തം എന്നിങ്ങനെ വിഭിന്ന വ്യഞ്ജനാക്ഷരങ്ങൾ അവസാനമുള്ളവയായി തിരിക്കാം. വ്യഞ്ജനാക്ഷരം അവസാനമുള്ളവയാണെന്ന് അറിയാൻ അവയുടെ ബഹുവചനരൂപങ്ങൾ കണ്ടു മനസ്സിലാക്കണം. സകാരാന്തമായ ശബ്ദമെടുത്താൽത്തന്നെ വ്യത്യസ്തത രൂപ

ങ്ങളിൽ കാണാം. താഴെ കൊടുക്കുന്ന സകാരാന്ത പുല്ലിംഗശബ്ദങ്ങളുടെ രൂപങ്ങൾ ശ്രദ്ധിക്കുക.

| ശബ്ദം/ പ്രകൃതി | അർത്ഥം | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|---|
| विद्वस् | വിദ്വാൻ | विद्वान् | विद्वांसौ | विद्वांसः |
| पुंस् | പുരുഷൻ | पुमान् | पुमांसौ | पुमांसः |
| वेधस् | ബ്രഹ്മാവ് | वेधाः | वेधसौ | वेधसः |
| सुवर्चस् | നല്ല തേജസ്സുള്ളവൻ | सुर्वचाः | सुवर्चसौ | सुवर्चसः |

ഇതുപോലെ മറ്റു വ്യഞ്ജനാന്ത ശബ്ദങ്ങളെ നമുക്ക് വഴിയേ പരിചയപ്പെടാം. ഇതുവരെ നാമപദങ്ങളുടെ നാമമാത്രമായ പരിചയമാണ് നമുക്ക് ലഭിച്ചത്.

## ക്രിയാപദ പരിചയം

അടുത്തതായി ക്രിയാപദങ്ങളുടെ പരിചയമാണ് ആവശ്യം. ക്രിയാപദങ്ങളാണ് ഭാഷയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. പ്രാപഞ്ചിക സ്ഥിതിതന്നെ ക്രിയയിൽ (പ്രവൃത്തി) അധിഷ്ഠിതമാണല്ലോ.

സംസ്കൃതത്തിലെ ഏതു പദത്തിന്റെയും (നാമപദമായാലും ക്രിയാപദമായാലും) ഉൽപത്തി ധാതുവിൽനിന്നാണെന്ന് പറയുന്നു. **सर्वं धातुजमाह** എന്ന്. **रामः** എന്ന നാമപദത്തിന്റെ ഉൽപ്പത്തി ധാതുവിൽ നിന്നാണെന്നു പറയാം. **रमु** എന്ന് ധാതു. ധാതുക്കളെ പറയുന്നതായ ഒരു ഗ്രന്ഥംതന്നെ വ്യാകരണാചാര്യൻ പാണിനി എഴുതിയിട്ടുണ്ട്. അതാണ് ധാതുപാഠഃ എന്നത്. അതിൽ 1944 ധാതുക്കൾ ഉണ്ട്. അവയെ പത്തു ഗ്രൂപ്പുകളാക്കി തിരിച്ചിരിക്കുന്നു. ഭ്വാദി, അദാദി, ജുഹോദ്യാദി, ദിവാദി, സ്വാദി, തുദാദി, രുധാദി, തനാദി, ക്ര്യാദി, ചുരാദി എന്നിങ്ങനെ. രൂപഭേദങ്ങൾക്കനുസൃതമായിട്ടാണ് ഈ ഗ്രൂപ്പ് (ഗണ) വിഭജനം.

**रमु क्रीडायां** എന്നാണ് ധാതുപാഠത്തിൽ ഉള്ളത്. ഈ ധാതുവിൽ നിന്നാണ് **रमते** എന്ന ക്രിയാപദവും **रामः** എന്ന നാമപദവും ഉദ്ഭവിക്കുന്നത്.

മുൻപറയപ്പെട്ട പ്രകാരമുള്ള ധാതുഗണങ്ങളിൽ ഒന്നാമത്തെ ഭ്വാദിയും നാലാമത്തെ ദിവാദിയും ആറാമത്തെ തുദാദിയും പത്താമത്തെ ചുരാദിയും സ്വീകരിച്ചുകൊണ്ട് ക്രിയാപദങ്ങളെ പരിചയപ്പെടാം. ഈ നാലു ▸▸

▸▸ ഗണങ്ങളിൽപെട്ട ധാതുക്കളുടെ രൂപങ്ങൾക്ക് സാമ്യം ഉണ്ട്.

| ഗണം | ധാതു | രൂപം | അർത്ഥം |
|---|---|---|---|
| ഭ്വാദി | पठ् | पठति | പഠിയ്ക്കുന്നു |
| ദിവാദി | नृती | नृत्यति | നൃത്തം ചെയ്യുന്നു |
| തുദാദി | चल | चलति | ചലിക്കുന്നു |
| ചുരാദി | चिति | चिन्तयति | ചിന്തിക്കുന്നു |

पठति, नृत्यति, चलति, चिन्तयति എന്നിവ വർത്തമാനകാലക്രിയയെ കുറിക്കുന്നവയാകുന്നു. ആരംഭിച്ചതുമുതൽ തീരുന്നതുവരെയുള്ള ക്രിയയ്ക്കുള്ള ആശ്രയമായിട്ടുള്ള കാലമാണ് വർത്തമാനം എന്ന വാക്കുകൊണ്ട് പറഞ്ഞത്. വർത്തമാനകാല ക്രിയയെ കുറിക്കുവാൻ 'ലട്' എന്ന് സംസ്കൃതവ്യാകരണത്തിൽ പറയും. ലട് എന്നു പറഞ്ഞാൽ വർത്തമാനകാലത്തെ പറയുന്നതായി കണക്കാക്കണം. ക്രിയ പറഞ്ഞാൽ കർത്താവിനെ (ക്രിയചെയ്യുന്ന ആളിനെ) നാം അന്വേഷിക്കും എന്നത് സ്വാഭാവികം. കർത്താവിനെ കിട്ടിയാൽ വാക്യമായി. അപ്പോഴാണ് അർത്ഥബോധം പൂർണ്ണമാകുന്നത്.

## വാക്യം (Sentence)

पठति എന്ന ക്രിയാപദം പറയുമ്പോൾ കർത്താവാരെന്ന ആകാംക്ഷ ഉണ്ടാകുന്നു. रामः पठति എന്നിങ്ങനെ രാമൻ പഠിക്കുന്നു എന്ന ഉത്തരം കിട്ടുമ്പോൾ ആകാംക്ഷ ഉപശമിക്കുകയും ചെയ്യുന്നു. അപ്പോൾ रामः എന്ന നാമപദവും पठति എന്ന ക്രിയാപദവും ചേർന്ന് കഴിയുമ്പോൾ അർത്ഥം പൂർണ്ണമായി. ഇതിലേതെങ്കിലും ഒന്നുമാത്രം പറയുമ്പോൾ എന്തു ചെയ്യുന്നു അല്ലെങ്കിൽ ആര് എന്ന ആകാംക്ഷ വരുന്നു. അപ്പോൾ ഒരു നാമപദവും ഒരു ക്രിയാപദവും ചേർത്തിട്ടുള്ള ആശയപൂർണ്ണത കിട്ടുന്ന പദസമുദായത്തെയാണ് വാക്യം എന്നു പറയുന്നത്.

താഴെപ്പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

| വാക്യം | അർത്ഥം |
|---|---|
| रामः पठति | രാമൻ പഠിക്കുന്നു. |
| बालिका नृत्यति | പെൺകുട്ടി നൃത്തം ചെയ്യുന്നു. |

| | |
|---|---|
| धेनुः चलति | പശു ചലിക്കുന്നു (നടക്കുന്നു) |
| मनुजः चिन्तयति | മനുഷ്യൻ ചിന്തിക്കുന്നു |

മുകളിൽ കൊടുത്തിട്ടുള്ള നാലു ക്രിയാപദങ്ങളുടെ മറ്റൊരു സവിശേഷത പരസ്മൈപദികളാകുന്നു എന്നതാണ്. ധാതുവിൽനിന്നാണ് ക്രിയാപദത്തിന്റെ ഉദ്ഭവം എന്നു കണ്ടുവല്ലോ. ഈ ധാതുക്കളെയെല്ലാം പരസ്മൈപദികൾ, ആത്മനേപദികൾ ഉഭയപദികൾ എന്നിങ്ങനെയും തിരിക്കാം. ക്രിയകൊണ്ട് കിട്ടുന്ന ഫലം കർത്താവിനെ (ചെയ്യുന്നാളെ) ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ ആത്മനേപദിയായ ധാതുരൂപം പ്രയോഗിക്കണം. മറ്റുള്ളവരെ ഉദ്ദേശിച്ചാണെങ്കിൽ പരസ്മൈപദിയായ ധാതുരൂപം പ്രയോഗിക്കണമെന്നുമാണ് വ്യവസ്ഥ. പരസ്മൈപദാത്മനേപദരൂപങ്ങൾ ഉള്ളവയെ ഉഭയപദിയെന്നും പറയുന്നു.

ധാതുക്കളെ തിരിച്ചറിയാൻ പണ്ട് ക്രമത്തിൽ അനുദാത്ത ഉദാത്ത സ്വരിതശ്രുതികളോടെ പഠിച്ചിരുന്നു. ഉദാത്താദിസ്വരങ്ങൾ ചിഹ്നങ്ങളാൽ രേഖപ്പെടുത്തിക്കൊണ്ടുള്ള ധാതുപാഠപുസ്തകങ്ങളും ഇന്ന് കിട്ടാനുണ്ട്. എന്നാലവയെല്ലാം പഠിയ്ക്കാൻ ക്ലിഷ്ടമാകയാൽ രൂപവ്യത്യാസം നോക്കി മനസ്സിലാക്കാം.

**भू सत्तायां** എന്ന ധാതുനിഷ്പന്നമായ ക്രിയാപദം (भवति) 'ति' എന്ന വർത്തമാനകാലരൂപത്തിൽ അവസാനിക്കുന്നു. ഇതിന് പരസ്മൈപദത്തിൽ മാത്രമേ രൂപമുള്ളൂ. അതുകൊണ്ട് भू എന്ന ധാതു പരസ്മൈപദിയാണ്.

**भृजी, भर्जते** എന്ന ധാതുനിഷ്പന്നമായ ക്രിയാപദം (भर्जते) 'ते' എന്ന് വർത്തമാനകാലരൂപത്തിൽ അവസാനിക്കുന്നു. ഇതിന് ആത്മനേപദത്തിൽ മാത്രമേ രൂപമുള്ളൂ. അതുകൊണ്ട് भृजी എന്ന ധാതു ആത്മനേപദിയാണ്.

**धावु गतिरुद्धयोः** എന്ന ധാതുനിഷ്പന്നമായ ക്രിയാപദം (धावति/धावते) ति, ते എന്നീ രണ്ടു വിധത്തിൽ വർത്തമാനകാലരൂപത്തിൽ അവസാനിക്കുന്നു. ഇങ്ങനെ രണ്ടുവിധരൂപമുള്ളതിനാൽ ധാവു എന്ന ധാതു ഉഭയപദിയാണ്. അങ്ങനെ ति എന്ന് അവസാനിക്കുന്ന ക്രിയാപദങ്ങളെ പരസ്മൈപദികളെന്നും ते എന്ന് അവസാനിക്കുന്ന ക്രിയാപദങ്ങളെ ആത്മനേപദികളെന്നും ലളിതമായി മനസ്സിലാക്കാം.

(തുടരും)

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT TRIMONTHLY

FORM I

# SHAAMBHAVI

See Rule 3

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of publication | : | Quarterly |
| 3. Printer's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 4. Publisher's Name | : | Sreekanth C. |
| Nationality | : | Indian |
| Address | : | Shripuram Publications<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Editor's Name | : | D. Prakash |
| Nationality | : | Indian |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 5. Owner's Name | : | Shripuram Trust<br>(Reg. No. 201/IV/2005) |
| Address | : | Shripuram Trust<br>Madayikonam (Post)<br>Irinjalakuda, Thrissur<br>Kerala, India - 680 712 |
| 6. Printed at | : | Mama Printers,<br>Nada, Irinjalakuda<br>Thrissur. |

I, Sreekanth C., hereby declare that the particulars given above are true to the best of my knowledge and belief.

Irinjalakuda
14/02/2012

**SREEKANTH C.**
**PUBLISHER**

# തിരിച്ചറിയണം കോടാലിക്കയ്യുകളെ

സി.എം. കൃഷ്ണനുണ്ണി

കാട്ടിലെ ഏറെ മൂപ്പില്ലാത്ത ഒരു മരം ഒരു കാഴ്ച കണ്ട് പരിഭ്രമിച്ചു. ഏതാനും ആളുകൾ മരങ്ങളുടെ ഉയരവും വണ്ണവും നോക്കിയും അതു സംബന്ധിച്ച് പരസ്പരം സംസാരിച്ചു നടന്നു നീങ്ങുന്ന കാഴ്ചയാണ് ആ ഇളയ മരത്തെ നടുക്കിയത്. ആ മരം തൊട്ടടുത്തുള്ള മൂത്തമരത്തോട് തന്റെ നടുക്കം പങ്കുവെച്ചു. 'നമ്മുടെ കൂട്ടത്തിൽപ്പെട്ട ആരെങ്കിലും ആ പോയവരുടെകൂടെയുണ്ടോ?' - ഇതായിരുന്നു മൂത്തമരം തിരിച്ചു ചോദിച്ചത്. 'ഇല്ല' - ഇളയമരം ഉത്തരം പറഞ്ഞു. 'എന്നാൽ നീ പരിഭ്രമിക്കേണ്ടതില്ല.' - മൂത്തമരം സമാധാനിച്ചു.

നാളുകൾ കുറേ കഴിഞ്ഞു. വീണ്ടും കുറേ ആളുകൾ കാട്ടിലെത്തിയതായി ഇളയമരം കണ്ടു. മുമ്പ് മൂത്തമരം പറഞ്ഞ കാര്യം അതോർത്തു. തങ്ങളുടെ കൂട്ടത്തിലെ ആരെങ്കിലും ആളുകളുടെ കൂട്ടത്തിലുണ്ടോ എന്ന് ആ മരം സൂക്ഷിച്ചുനോക്കി. അപ്പോഴാണ് ചിലരുടെ കൈകളിൽ മഴു ഉള്ളതായി ഇളയമരത്തിന്റെ കണ്ണിൽ പെട്ടത്. മഴുത്തായ മരക്കൊമ്പുകൾ കൊണ്ടുള്ളതായിരുന്നു. വളരെ പരിഭ്രമത്തോടെ ഇളയമരം, താൻ കണ്ട കാഴ്ച വിശദമായിത്തന്നെ മൂത്തമരത്തെ അറിയിച്ചു. 'ഇനി നമുക്ക് ശരിക്കും പരിഭ്രമിക്കാം. നമ്മുടെ കൂടെയുള്ളവരിൽ ചിലരെ നമ്മുടെ ശത്രുക്കൾക്ക് കിട്ടിയിരിക്കുന്നു. വൃക്ഷപതിയായ സാക്ഷാൽ പരമേശ്വരനു മാത്രമേ ഇനി നമ്മെ രക്ഷിക്കാനാവുകയുള്ളു. പരമേശ്വരന്റെ അഭീഷ്ടം നടക്കട്ടെ.' - മൂത്തമരം പറഞ്ഞു.

ഈ കഥ ഇവിടെ സൂചിപ്പിക്കുവാൻ കാരണം, ഈ അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങൾ ഓർമ്മയിൽ തെളിഞ്ഞതിനാലാണ്. ഭഗവദ് ഗീത മതഗ്രന്ഥമല്ലെന്നും, മഹാഭാരതകഥ ഈ രാജ്യത്ത് സംഭവിച്ചതല്ലെന്നും ശ്രീകൃഷ്ണനും ശ്രീരാമനും മറ്റും ഇവിടെ ജനിച്ചു ജീവിച്ച അവതാരപുരുഷന്മാരല്ലെന്നുമുള്ള ആശയം 'പിറവി'യെടുത്തിരിക്കുന്നു. സന്ന്യാസി വിവാഹിതനായി കൂടാ എന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നതെന്നും ചോദ്യമുയർന്നിരിക്കുന്നു. ഗോവിന്ദചാമി എന്ന പ്രതിഭാസം എല്ലാവരിലും തക്കം പാർത്ത് കഴിഞ്ഞുകൂടുന്നതായുള്ള കണ്ടെത്തലും വെളിപ്പെടുത്തപ്പെട്ടതായി കേട്ടു. കണ്ടെത്തിയവനെ ഓർത്ത് ലജ്ജിക്കാം.

ചാനലുകളിൽനിന്ന് സമയം പർച്ചേസ് ചെയ്ത് ഉപയോഗപ്പെടുത്തിക്കൊണ്ട് നിഷ്കളങ്കരുടെ ഉള്ളിൽ ആത്മീയ പണ്ഡിതനെന്ന അഭിപ്രായം സൃഷ്ടിച്ചെടുത്ത ശേഷം ചിലർ തങ്ങളുടെ ഗൂഢപദ്ധതി നടപ്പിലാക്കുവാൻ തുനിയുന്നതിന്റെ ലക്ഷണങ്ങളാണ് ഇവിടെ പ്രകടമാവുന്നത്.

ഭാഗവതം ആസ്പദമാക്കി സംസാരിക്കുന്നതിനിടെ ക്ഷേത്രവിരോധം വിളമ്പാൻ ചിലർ തുനിയുന്നു. ഭാഗവതം, ദ്വിതീയ സ്കന്ധം (3-ാം അദ്ധ്യായത്തിലെ 22-ാം ശ്ലോകം) അവതാരമൂർത്തികളുടെ നിഷ്ഠകളെയും ക്ഷേത്രങ്ങളെയും ആരാധനയ്ക്ക് ഉപയോഗിക്കാത്തവൻ വൃക്ഷമൂലങ്ങൾക്ക് സമാനനാണെന്ന് (നിഷ്ഫലസഞ്ചാരം ചെയ്യുന്ന കാലുകളും ഒട്ടും സഞ്ചരിക്കാതെ നിൽക്കുന്ന വൃക്ഷമൂലങ്ങളും സമമാണെന്ന് വിവക്ഷ) വ്യക്തമാക്കിയിരിക്കുന്നത് കണ്ടില്ലെന്നു നടിച്ചുകൊണ്ടാണ് ഈ ക്ഷേത്രവിരോധം വിളമ്പൽ. ഭാഗവതത്തിലെ തൃതീയ സ്കന്ധത്തിലും (അദ്ധ്യായം 30, ശ്ലോകം 15, 16) സായൂജ്യമുക്തി പ്രദാനംചെയ്യുന്ന പരമഭക്തി നേടുവാൻ ഭഗവദ്പ്രതിമയെ ദർശിക്കുവാനും സ്പർശിക്കുവാനും, പൂജ, സ്തുതി, നമസ്കാരം എന്നിവ നിർവ്വഹിക്കുവാനും നിർദ്ദേശിക്കുന്നുണ്ട്.

മറ്റൊരു വാദം ശ്രീകൃഷ്ണൻ സാങ്കല്പിക കഥാപാത്രവും മഹാഭാരതം ഭാവനാസൃഷ്ടിയുമാണെന്നാണ്. മഹാഭാരതയുദ്ധം ഈ രാജ്യത്ത് നടന്ന ഒന്നല്ലെന്നും മനുഷ്യ മനസ്സിൽ സംഭവിക്കുന്നതാണെന്നും അഭിപ്രായപ്പെടുന്നവർ വരുത്തിവെക്കുന്ന ദേശീയവും സാംസ്കാരികവുമായ ദൂഷ്യത്തിന്റെ അളവ് വളരെ കൂടുതലാണ്. ശ്രീകൃഷ്ണൻ സാങ്കല്പിക കഥാപാത്രമാണെന്ന് വാദിക്കുന്നവർ ഗുരുവായൂരിലെയടക്കമുള്ള ശ്രീകൃഷ്ണക്ഷേത്രങ്ങളുടെ പ്രസക്തിയാണ് നിരാകരിക്കുന്നത്. കുറൂരമ്മയും വില്വമംഗലത്ത് സ്വാമിയാരും മഞ്ജുളയും മങ്ങാട്ടച്ചനും മേൽപത്തൂർ നാരായണ ഭട്ടതിരിയും പൂന്താനവും മതിഭ്രമം ബാധിച്ചവരോ അപ്രസക്തരോ ആണെന്ന വിലയിരുത്തലിന് പിൽക്കാലത്ത് ആസ്പദമായേക്കാവുന്ന ആശയമാണ് തെങ്ങിന്റെ കടയ്ക്കൽ രസം (മർക്കുറി) വെയ്ക്കുന്നതിനു സമാനമായി പ്രയോഗിക്കുവാൻ ചില കേന്ദ്രങ്ങൾ മുതിർന്നിരിക്കുന്നത്. തെങ്ങിന്റെ കടയ്ക്കൽ ഒരു ദ്വാരമുണ്ടാക്കി അതിനകത്ത് അല്പം രസം (മർക്കുറി) വെച്ചാൽ താമസിയാതെ തെങ്ങ് വാടി ഉണങ്ങും. അതുപോലെ സനാതന ധർമ്മത്തെ വാട്ടിക്കരിക്കുവാൻ മോഹിച്ചുകൊണ്ടുള്ള ഗൂഢനീക്കമാണ് ഭഗവദ്ഗീതയും ഭാഗവതവും ആസ്പദമാക്കിയുള്ള പൈങ്കിളി പ്രഭാഷണങ്ങൾക്കിടയിൽ പ്രകടിപ്പിക്കപ്പെടുന്ന ഇത്തരം ആശയങ്ങൾ

എന്നു പറയാതിരിക്കുക വയ്യ.

ദ്വാരകയുടെ അവശിഷ്ടങ്ങൾ ഗുജറാത്തിലെ കടലിൽനിന്ന് കണ്ടെടുക്കപ്പെട്ട സാഹചര്യത്തിലും മഥുരയിൽ ആർക്കും കാണാവുന്ന തരത്തിൽ കംസന്റെ കാരാഗൃഹ അവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്ന അവസ്ഥയിലും ശ്രീകൃഷ്ണൻ സാങ്കല്പിക കഥാപാത്രമാണെന്നു പറയാൻ അസാമാന്യമായ ദുഷ്ടലാക്കുതന്നെ വേണം. അയോദ്ധ്യയിലെ ശ്രീരാമജന്മസ്ഥാനത്തെ കണ്ടില്ലെന്നു നടിക്കുവാനും കടുത്ത ക്ഷുദ്രതാല്പര്യം കൂടാതെ കഴിയില്ല.

ശ്രീരാമനെയും ശ്രീകൃഷ്ണനെയും നിരാകരിച്ചാൽ ഇന്ത്യൻ ദേശീയത തന്നെ വന്ധ്യമാവും. ഭാരതത്തിലെ ഓരോ പ്രദേശവും ഭാരതീയന് പ്രിയപ്പെട്ടതാവുന്നത് രാമകൃഷ്ണന്മാരെയും ശിവപാർവ്വതിമാരെയും സംബന്ധിച്ച ഐതിഹ്യ കഥകളുമായി പ്രദേശങ്ങളോരോന്നും ബന്ധപ്പെട്ടിരിക്കുന്നതിനാലാണ്. തീർത്ഥാടനങ്ങളിലൂടെ രാജ്യത്തെക്കുറിച്ചുള്ള ജീവത്തായ അറിവ് പങ്കുവെയ്ക്കലുകൾ വഴി വികസിതമായ ഐക്യബോധമാണ് ഇന്ത്യൻ ദേശീയതയുടെയും ഹിന്ദുത്വത്തിന്റെയും കാതൽ. ഈ ഉദ്ഗ്രഥനത്തിനു നേരെയുള്ള വാക്ശരപ്രയോഗങ്ങളെ തിരിച്ചറിയുവാനും അവയ്ക്ക് തക്ക പ്രതിരോധം സൃഷ്ടിക്കുവാനും വൈകിയാൽ അത് ആത്മഹത്യാപരമാവും. സീതയെ തട്ടിക്കൊണ്ടുപോവാൻ രാവണൻ സന്ന്യാസിവേഷം ധരിച്ചാണ് എത്തിയതെന്നു മറന്നുകൂടാ. കാവി ധരിച്ചു എന്നതുകൊണ്ടുമാത്രം സന്ന്യാസിയാവില്ല. ഗീതാപ്രഭാഷണം നടത്തുന്നു എന്നതുകൊണ്ട് ആത്മീയ പരിവേഷത്തിനും അർഹത ലഭിക്കുകയില്ല. കോടാലിക്കയ്യുകളെ തിരിച്ചറിയാൻ നാം ബാദ്ധ്യസ്ഥരാണ്. ഭഗവദ്ഗീത മഹത്ഗ്രന്ഥമല്ലെന്നും മഹാഭാരതം സാങ്കല്പിക സൃഷ്ടിയാണെന്നുമുള്ള അഭിപ്രായപ്രകടനങ്ങൾ ഹിന്ദുവിനെ നിസ്വനാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാവാനേ തരമുള്ളൂ. വേദങ്ങൾ വെറും നാടോടിഗീതങ്ങളും രാമായണ-മഹാഭാരതാദി ഇതിഹാസങ്ങൾ ചരിത്ര യാഥാർത്ഥ്യങ്ങളുടെ സ്പർശമില്ലാത്തവയും ഭഗവദ്ഗീത ഹിന്ദുവിന്റേതല്ലാത്ത ഒരു ദർശനഗ്രന്ഥവുമാണെന്ന പ്രചരണം ഹിന്ദുവിനെ സ്വന്തമായി യാതൊന്നുമില്ലാത്ത ജന്തുസമാനനാക്കുവാൻ മോഹിച്ചുകൊണ്ടുള്ളതാണ്. നിസ്വനായ, ഐക്യബോധം നശിച്ച, ഹിന്ദുവിനെ ഭക്ഷിച്ച് പോഷിക്കുവാൻ കൊതിക്കുന്നവരുടെ കയ്യാളന്മാരെ തിരിച്ചറിയുവാനുള്ള കണ്ണുകളാണ് ഇന്ന് നമുക്ക് ഏറെ ആവശ്യം.

# കാളിദാസന്റെ ശിവഭക്തി

സമ്പാദകൻ : വിഷ്ണു ആനന്ദ് എൻ.

പുരാ കവീനാം ഗണനാപ്രസംഗേ
കനിഷ്ഠികാധിഷ്ഠിതകാളിദാസഃ
അദ്യാപി തത്തുല്യകവേരഭാവാത്
അനാമികാ സാർത്ഥവതീ ബഭൂവ

(കവികളുടെ എണ്ണമെടുത്തപ്പോൾ ഒന്നാമതായി കാളിദാസൻ എന്നു വന്നു. അതുപോലെയൊരു കവി ഇന്നില്ലാത്തതിനാൽ രണ്ടാമത്തേതായ വിരലിൽ എണ്ണുവാൻ കവികളില്ലാതായി. അതുകൊണ്ട് പേരില്ലാത്തവൾ എന്ന അർത്ഥത്തിലുള്ള അനാമികാ എന്ന പേര് ആ വിരലിന് യോജിച്ചതായി.)

ഇത്തരത്തിലുള്ള ഖ്യാതി നേടിയ കാളിദാസൻ കാളിയുടെയും ശിവന്റെയും ഭക്തനായിരുന്നുവെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ ശിവഭക്തി തന്റെ മൂന്നു നാടകങ്ങളായ അഭിജ്ഞാനശാകുന്തളം, വിക്രമോർവശീയം, മാളവികാഗ്നിമിത്രം എന്നിവയിലെ മംഗളശ്ലോകങ്ങളിൽ കാണാം.

അഭിജ്ഞാനശാകുന്തളം

യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാ വഹതി വിധിഹുതം യാ ഹവിർയാ ച ഹോത്രീ
യേ ദ്വേ കാലം വിധത്തഃ ശ്രുതിവിഷയഗുണാ യാ സ്ഥിതാ വ്യാപ്യ വിശ്വം
യാമാഹുഃ സർവ്വബീജപ്രകൃതിരിതി യയാ പ്രാണിനഃ പ്രണവന്തഃ
പ്രത്യക്ഷാഭിഃ പ്രപന്നസ്തനുഭിരവതു വസ്താഭിരഷ്ടാഭിരീശഃ

വിക്രമോർവശീയം

വേദാന്തേഷു യമാഹുരേകപുരുഷം വ്യാപ്യ സ്ഥിതം രോദസി
യസ്മിന്നീശ്വര ഇത്യനന്യവിഷയഃ ശബ്ദോ യഥാർത്ഥാക്ഷരഃ
അന്തർയശ്ച മുമുക്ഷുഭിർനിയമിതപ്രാണാദിഭിർമൃഗ്യതേ
സ സ്ഥാണുഃ സ്ഥിരഭക്തിയോഗസുലഭോ നിശ്രേയസായാസ്തു വഃ

മാളവികാഗ്നിമിത്രം

എകൈശ്വര്യേ സ്ഥിതോപി പ്രണതബഹുഫലേ യഃ സ്വയം കൃത്തിവാസാഃ
കാന്താസമിശ്രദേഹോപ്യവിഷയമനസാം പരസ്താദ്യതീനാം
അഷ്ടാഭിർയസ്യ കൃത്സ്നം ജഗദപി തനുഭിർബിഭ്രതോ നാഭിമാനിനഃ
സന്മാർഗാലോകനായ വ്യപനയതു സ വസ്താമസീം വൃത്തിമീശഃ

# ഗൃഹസ്ഥാശ്രമികൾക്ക് ഭാരതീയ സംസ്ക്യതിയിൽനിന്ന് ഒരേട്

അപർണ്ണദേവി എ.

വിശ്വമാനവികതയുടെ നിറദീപങ്ങളാണ് ഉപനിഷത്തുക്കൾ. ഭാരതീയ സംസ്കൃതിയുടെ ആധാരംതന്നെ ഈ വേദാന്തരംഗത്തിൽ കാണാം. സർവ്വചരാചരങ്ങളുടെയും യോഗക്ഷേമത്തിനുവേണ്ടിയുള്ള ഉപനിഷത് തത്വങ്ങൾ പ്രകൃതിയുടെ സുസ്ഥിരവികസനത്തിനും അത്യന്താപേക്ഷിതമാണ്.

സനാതനധർമ്മത്തിന്റെ പ്രമാണഗ്രന്ഥങ്ങളാണ് വേദങ്ങൾ. ഇതിന്റെ പൂർവ്വഭാഗം കർമ്മകാണ്ഡവും ഉത്തരഭാഗം ജ്ഞാനകാണ്ഡവുമാണ്. വേദത്തിന്റെ അവസാനഭാഗമായ ഉപനിഷത് വേദാന്തം എന്നും അറിയപ്പെടുന്നു. ആത്മവിദ്യയെ പ്രകാശിപ്പിക്കുന്നവയാണ് ഇവ. അതിൽ പ്രസിദ്ധമായ പത്തെണ്ണത്തിന് ശങ്കരാചാര്യർ ഭാഷ്യം രചിച്ചു.

അവ - ഈശ, കേന, കഠ, പ്രശ്ന, മുണ്ഡ, മാണ്ഡൂക്യ, തൈത്തിരീയ, ഐതരേയ, ഛാന്ദോഗ്യ, ബൃഹദാരണ്യകം എന്നിവയാണ്.

കൃഷ്ണയജുർവേദത്തിനെ അടിസ്ഥാനമാക്കിയുള്ള തൈത്തിരീയോപനിഷത്തിൽ ശിക്ഷാവല്ലി എന്നുപേരായ പ്രഥമഭാഗത്തുള്ള പതിനൊന്നാം അദ്ധ്യായത്തിൽ തന്റെ അടുത്ത് വിദ്യാഭ്യാസം കഴിഞ്ഞതായ ശിഷ്യന്മാരെ പ്രചോദിപ്പിക്കുവാൻ ഗുരു ഉപദേശങ്ങൾ നല്കുന്നു. വ്യക്തിത്വവികാസത്തിനും, കുടുംബബന്ധം നിലനിർത്തുന്നതിനും സമൂഹത്തിൽ അയാളുടെ കർത്തവ്യം തുടങ്ങി ഗൃഹസ്ഥാശ്രമികൾ അനുവർത്തിക്കേണ്ട കാര്യങ്ങളെ ശിഷ്യന്റെ മനസ്സിലേക്കാണ് ഗുരു വർഷിക്കുന്നത്. വിദ്യാർത്ഥിയുടെ സമഗ്രവികാസമാണ് വിദ്യാഭ്യാസത്തിന്റെയും ഗുരുവിന്റെയും ലക്ഷ്യമെന്ന് സഹസ്രാബ്ദങ്ങൾക്ക് മുൻപേയുള്ള ഈ ഋഷിപ്രോക്തങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

ഒരു മനുഷ്യജന്മത്തിൽ നാല് ആശ്രമാവസ്ഥകൾ പറയുന്നുണ്ടെങ്കിലും നമ്മൾ ഗൃഹസ്ഥാശ്രമത്തിൽ തന്നെയാണ് മിക്കവാറും ഒതുങ്ങിത്തീരാറുള്ളത്. വേദത്തിലും ഉപനിഷത്തിലും നമ്മുടെ ആധുനിക തലമുറയ്ക്ക് ദഹിക്കാൻ വിഷമമുള്ള പല 'അരുതു'കളും കാണാം. അത് ചെയ്യരുത്, ഇത് ചെയ്യരുത് എന്നിങ്ങനെ. ഈ അരുതുകളെല്ലാം മനുഷ്യനന്മയെക്കരുതി മാത്രമാണ്. അതല്ലാതെ വേദവും ഉപനിഷത്തും ഒരു ജീവിതദർശനത്തേയും നിഷേധിക്കുന്നില്ല. ശിക്ഷാവല്ലിയിലെ ഗുരൂപദേശങ്ങളെ ആധാരമാക്കി നമുക്ക് ആധുനികലോകത്ത് ഇന്ന് ഒരു സ്വവിചിന്തനം നടത്താം. ▸▸

## തൈത്തിരീയോപനിഷത്ത് ശിക്ഷാവല്ലി

**മൂലം – വേദം അനൂച്യാചാര്യോഽന്തേവാസിനമനുശാസ്തി** | സത്യം വദ | ധർമം ചര | സ്വാധ്യായാന്മാ പ്രമദഃ | ആചാര്യായ പ്രിയം ധനമാഹൃത്യ പ്രജാതന്തും മാ വ്യവച്ഛേത്സീഃ | സത്യാന്ന പ്രമദിതവ്യം | ധർമ്മാന്ന പ്രമദിതവ്യം | കുശലാന്ന പ്രമദിതവ്യം | ഭൂത്യൈ ന പ്രമദിതവ്യം | സ്വാധ്യായപ്രവചനാഭ്യാം ന പ്രമദിതവ്യം | ദേവപിതൃകാര്യാഭ്യാം ന പ്രമദിതവ്യം |

**സാരം – നിങ്ങൾ എല്ലായ്പ്പോഴും** സത്യം പറയണം. നല്ല കാര്യങ്ങൾ ചെയ്യണം. താൻ പഠിച്ചതായ കാര്യങ്ങളിൽനിന്ന് വ്യതിചലിക്കരുത്. ഗുരുവിന് പ്രിയപ്പെട്ട ദക്ഷിണ നല്കണം. ഗൃഹസ്ഥാശ്രമം സ്വീകരിച്ച് സന്തതിപരമ്പരകളെ നിലനിർത്തണം. ഒരിക്കലും സത്യത്തിൽനിന്ന് വ്യതിചലിക്കരുത്. മനസാ വാചാ കർമ്മണാ അസത്യമായത് ചെയ്യരുത്. എപ്പോഴും ധർമ്മമാണ് കർത്തവ്യം. ആത്മരക്ഷയ്ക്ക് ആവശ്യമായ പ്രയത്നങ്ങളിൽ ശ്രദ്ധയുള്ളവരായിരിക്കണം. ധനവും ഐശ്വര്യവും തരുന്നതായ കർമ്മങ്ങളിൽനിന്ന് വ്യതിചലിക്കരുത്. പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിൽനിന്ന് ഒരിക്കലും വ്യതിചലിച്ചുകൂടാ. ഈശ്വരപ്രീതി ഉണ്ടാക്കുന്നതും പിതൃക്കൾക്ക് പ്രീതി ഉണ്ടാക്കുന്നതുമായ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതാണ്.

### വിചിന്തനം – "സത്യം വദ", "ധർമ്മം ചര"

എവിടെ തിരിഞ്ഞൊന്നുനോക്കിയാലും അവിടെല്ലാം പൂത്തമരങ്ങൾ മാത്രം കണ്ടിരുന്ന നമ്മുടെ നാട് പൂക്കുന്നതും ഉലയുന്നതും കായ്ക്കുന്നതും എല്ലാം 'മാൾ'ലൂടെയും 'സ്മാൾ'ലൂടെയുമാണ്. ഒന്നെടുത്താൽ മൂന്നു കിട്ടുന്ന ഡിസ്കൗണ്ട് മേള മുതൽ വാണിജ്യ, തൊഴിൽ, ഷോപ്പിങ് കലാകലാപ ഉത്സവങ്ങളെ തടഞ്ഞ് നടക്കാൻപോലും വയ്യാത്ത സ്ഥിതിയാണിന്ന്. സത്യം മാത്രം പറയാൻ ശീലിപ്പിച്ച ഭാരതത്തിൽ പറയാൻ ശീലിച്ച നമ്മളും മേളകളിലെ വാക്ധോരണിയിൽ കുടുങ്ങി നമ്മളാലാവുംവിധം സത്യത്തെ മറച്ചുപിടിച്ചുകൊണ്ട് തൊട്ടടുത്ത അയൽക്കാരോടും അറിയുന്നവരോടുമെല്ലാം എല്ലാ വസ്തുക്കളുടെയും ഗുണഗണങ്ങളെപ്പറ്റി പറഞ്ഞ് അവരേയും ചിലന്തി വലയിലേയ്ക്ക് പ്രാണികളെ ആകർഷിക്കുന്നതുപോലെ കുടുക്കി ശ്വാസംമുട്ടിക്കുന്നു. സത്യത്തെയും ധർമ്മത്തെയും പരിപാലിച്ച പാരമ്പര്യത്തിന് ഇന്നിപ്പോൾ അഴിമതിയെ എതിർക്കാൻ ഒരു 'ബില്ല്' വേണ്ടിവന്നിരിക്കുന്നു. രക്ഷകളെക്കൊണ്ടും യന്ത്രങ്ങളെക്കൊണ്ടും സത്യത്തെയും ധർമ്മത്തെയും പൂട്ടിയിട്ടിരിക്കുന്നു. 'ലളിത'യെ എടുത്താൽ 'മാതംഗി'യെയും 'ദണ്ഡനായിക'യെയും ഫ്രീയായി നല്കുന്നു എന്ന ബോർഡുകൾ പ്രത്യക്ഷപ്പെടുന്ന കാലം കൈയെത്താവുന്ന ദൂരത്താണ്.

"ആചാര്യായ പ്രിയം ധനമാഹൃത്യ പ്രജാതന്തും മാ വ്യവ ച്ഛേത്സീഃ"

തന്റെ പുത്രിയായ സുകന്യയ്ക്ക് ച്യവനമഹർഷി ഒരു തരത്തിലും അനുരൂപനല്ല എന്ന് ശര്യാതി രാജാവ് മനസ്സിലാക്കിയെങ്കിലും തന്റെ തെറ്റിന്റെ പ്രായശ്ചിത്തത്തിനായി സുകന്യ ച്യവനന്റെ ഭാര്യയായിത്തീർന്നു. പക്ഷേ, ച്യവനമഹർഷിയോ സുകന്യയോ അന്ന് 'ചാറ്റ്' ചെയ്തുകൊണ്ടിരിക്കുകയോ 'മിസ് കോൾ' അടിച്ച് കളിക്കുകയോ ഒന്നും ചെയ്തതായി അറിവില്ല. എങ്കിലും പാതിവ്രത്യത്തിനും ഗൃഹസ്ഥാശ്രമത്തിനും അവർ ഇന്നും മുന്നിൽതന്നെയാണ്. എന്നാൽ ഇന്ന് തന്റെ മക്കൾക്ക് അനുരൂപരെന്ന് കരുതി ഏറ്റവും വലിയ 'ഇറ്റ്' (IT) അടിമകളെ മാത്രം നോക്കി വിവാഹനിശ്ചയം ഗംഭീരമാക്കി വിവാഹം ഉത്സവമാക്കി നടത്തിവരുന്ന രക്ഷിതാക്കൾക്ക് മക്കൾതന്നെ ദക്ഷിണയായി നല്കിവരുന്ന ഒരു പ്രിയപ്പെട്ട വസ്തുവാണ് വിവാഹമോചനം.

ഒരു ഭർത്താവും രണ്ടു ഭാര്യമാരും മൂന്നു കുട്ടികളും ഒരു വില്ലനും മന്ത്രവാദിയും അടങ്ങുന്ന നമ്മുടെ കാലാതിവർത്തികളായ 'സീരിയൽ' കുടുംബബന്ധുക്കൾ നേരം നോക്കാതെ നമ്മുടെ വീട്ടിലെത്തുന്നു. ആ ബന്ധുക്കളുമായുള്ള സല്ലാപം തീരുന്നതോടെ നമ്മുടെ കുട്ടികൾക്കും സഹവർത്തിത്വഗുണം (adjustment mechanism) പ്രവർത്തിക്കാതാവുന്നു. പണ്ടുകാലത്തെ അപേക്ഷിച്ച് ഇന്ന് സ്വയംവരത്തിന് സാധ്യത കൂടുതലാണ്. പണ്ട് ദാസിമാരാണ് രാജകുമാരിമാരുടെയും രാജകുമാരന്മാരുടെയും വീരകഥകൾ വർണ്ണിച്ച് പരിചയപ്പെടുത്തിയിരുന്നതെങ്കിൽ ഇന്ന് ഇഷ്ടംപോലെ matrimonial site-കൾ നമുക്കുണ്ട്. ആൺകുട്ടികളേക്കാൾ പെൺകുട്ടികൾക്ക് സ്വതന്ത്രമായി പ്രഖ്യാപിക്കാം തനിക്ക് ചേരുന്നവരാണെന്ന്. അത് വിജാതീയനാണെങ്കിൽ ഏറ്റവും സന്തോഷം. 'ചാറ്റിങ്' വീടിനകത്തും 'ഈറ്റിങ്' വീടിനുപുറത്തും ആവാൻ സൗകര്യമുണ്ടെങ്കിൽ അതുതന്നെ കാര്യം. പുരാണകഥകളിൽ ദേവിമാരുടെയും ഒക്കെ സ്വയംവരങ്ങൾ നമ്മൾ വായിച്ചിട്ടുണ്ട്. പക്ഷേ പിന്നീട് കൃഷ്ണനും മഹാദേവനും ഒന്നും ഡൈവേഴ്സ് പെറ്റീഷനുകൾ കൈപ്പറ്റേണ്ടിവന്നിട്ടില്ല. അന്ന് കൃഷ്ണന്റെ ഒപ്പം രുഗ്മിണി പോയപ്പോൾ കൃഷ്ണനും രുഗ്മിണിക്കും ഇത്ര ചെലവുണ്ടായിരുന്നില്ല. ഇന്ന് 'രുഗ്മിണി സ്വയംവരം' നടത്തികൊടുക്കാൻ തയ്യാറായ രുഗ്മിണിയുടെ ബന്ധുക്കളുടെ തള്ളിച്ച സപ്താഹവേദികളിൽ മുഴങ്ങുന്നു.

വീട്ടിൽനിന്ന് സ്നേഹം ലഭിക്കുന്നില്ലെന്നുള്ള കാരണം പറഞ്ഞ് പകൽ മുഴുവൻ കണ്ടതായ കൂട്ടുകാരെ തേടിപ്പിടിച്ച് പാതിരകഴിഞ്ഞും 'SMS' ഉം 'ചാറ്റിങ്ങും' നിർബാധം തുടരുന്നു. രാത്രി മുഴുവൻ മക്കൾ ഉറക്കപ്പിച്ചു പറയു ▸▸

കയാണോ അതോ ചെവിയ്ക്കടുത്ത് മിന്നുന്ന 'മൊബൈൽ ഫ്രണ്ടി'നോട് കൊഞ്ചുകയാണോ എന്നറിയാൻ മാതാപിതാക്കൾ ഉറക്കമൊഴിയുന്നു.

## "ധർമ്മാന്ന പ്രമദിതവ്യം"

നാമം ചൊല്ലിയവർക്കു മാത്രമേ അത്താഴമുള്ളൂ എന്നു പറഞ്ഞിരുന്ന നാവുകൾ ഈ Reality Show കൂടി കഴിഞ്ഞിട്ടാകാം ഊണ് എന്ന സ്ഥിതിയിൽ എത്തിയിരിക്കുന്നു. കാരണം ഇപ്പോൾ എല്ലാ ദൈവങ്ങളേയും നമ്മുടെ ടി.വി.യ്ക്കുള്ളിൽ നാം അടച്ചുവെച്ചിട്ടുണ്ട്. ആവശ്യമുള്ളപ്പോൾ വിരലൊന്ന് ഞെക്കിയാൽ കാണേണ്ട ദൈവം മുൻപിലെത്തും. പിന്നെയെന്തിന് നാമം ചൊല്ലുകയും കുട്ടികളെക്കൊണ്ട് നാമം ചൊല്ലിക്കുകയും വേണം. നാമം ചൊല്ലുമ്പോൾ അത് അമ്പലത്തിലെ മൈക്കിൽക്കൂടിത്തന്നെ നാട്ടുകാരെ മുഴുവൻ കേൾപ്പിച്ചാൽ നാമജപമായി. പണ്ട് ഗജേന്ദ്രനും പാഞ്ചാലിയുമൊന്നും മൈക്കുപയോഗിച്ചതായി അറിവില്ല. അന്ന് ലക്ഷ്മീദേവി ഭഗവാനോട് ചോദിച്ചിരിക്കുക ഇപ്രകാരം ആയിരിക്കാം 'എന്തേ ഭഗവാനേ അവിടുന്ന് അവരുടെ വിളി കേൾക്കുന്നില്ല. ശബ്ദം കുറവാണോ'. എന്നാൽ ഇന്ന് 'ഹേ ഭഗവാനേ, അങ്ങേയ്ക്ക് എപ്പോഴാണ് ചെവിപൊട്ടിയത്. ഞാൻ പറയുന്നത് അങ്ങ് കേൾക്കുന്നില്ലേ, ഞാനും ഇനി വൈകുണ്ഠത്തിൽ മൈക്ക് ഉപയോഗിക്കേണ്ടിവരുമോ' എന്നായിരിക്കും.

മുതിർന്നവർക്ക് സ്നേഹത്തിന്റെ മുഖം കാണാൻ കിട്ടുന്നത് പുരാണപാരായണസ്ഥലങ്ങളിലും മറ്റ് പ്രഭാഷണവേദികളിലുമാണ്. മാതാ അമൃതാനന്ദമയി തന്റെ അടുത്തുവരുന്ന ഭക്തരെ ആശ്ലേഷിക്കാറുണ്ട്. പക്ഷേ, അതിപ്പോൾ പലരുടേയും ഒരു ട്രെൻഡ് ആയിരിക്കുന്നു. പുരാതനകാലത്ത് വസിഷ്ഠൻ, വിശ്വാമിത്രൻ, അത്രി, കശ്യപൻ തുടങ്ങിയ ഋഷിമാരുടെ ഒരു നിരതന്നെയുണ്ടായിരുന്നു. അവരാരും തന്റെ മുമ്പിൽ വരുന്ന ഭക്തരെ ആശ്ലേഷിച്ചുകൊണ്ടിരുന്നത് നമുക്കറിവില്ല. എന്തേ അവർക്ക് ഭൂതദയയും സഹജീവിസ്നേഹവും ഉണ്ടായിരുന്നില്ലേ?. സത്യത്തെയും ധർമ്മത്തെയും ജീവശ്വാസമായി കണ്ട ആ പഴയ ലോകത്ത് വസിഷ്ഠമഹർഷിയെന്നും വിശ്വാമിത്ര രാജർഷിയെന്നും പേരുകേട്ട അവർ ഇന്നും അങ്ങനെത്തന്നെ അറിയപ്പെടുന്നു. എന്നാൽ ആധുനികതയുടെ വെളിച്ചത്തിൽ പ്രസ്ഥാനങ്ങൾക്ക് മൂല്യം കൂടുകയും പ്രസ്ഥാനങ്ങളിൽനിന്ന് പുതിയ പ്രസ്ഥാനങ്ങിലേക്കുള്ള സഞ്ചാരത്തിൽ പലരും 'ജി'കളും 'മഹാരാജ്'കളും 'ഗിരി'കളും 'തീർത്ഥ'ങ്ങളും 'ചൈതന്യ'ന്മാരും 'പുരി'കളും ആയി മാറുന്നു. അല്ലെങ്കിൽ ധർമ്മപരിപാലിതരായ നമ്മൾ അവരെ മാറ്റുന്നു.

## "സ്വാധ്യായാന്മാ പ്രമദഃ"

ഉപനയനം നടത്തിയ കുട്ടിക്ക് നിത്യകർമ്മങ്ങളുടെ ഒരു പുസ്തകം

വാങ്ങികൊടുക്കുന്നതോടെ ഇപ്പോൾ മാതാപിതാക്കളുടെ കടമ തീരുന്നു. മുത്തച്ഛൻ അച്ഛന്റെ ഉപനയനം ഗംഭീരമാക്കി പണ്ട് നടത്തിയിട്ടുണ്ട്. ഇപ്പോൾ പക്ഷേ, അച്ഛൻ ഒന്നും ചെയ്യാറില്ലാത്തതുകൊണ്ട് പറഞ്ഞുകൊടുക്കാനും കഴിയുന്നില്ല. ജോലിത്തിരക്കുമുണ്ട്. കുട്ടിക്ക് ചെയ്യാൻ മോഹമുണ്ടെങ്കിലും നമ്മുടെ ഇംഗ്ലീഷ് അക്ഷരമാലയിലെ ഓരോ അക്ഷരവും വെച്ചുണ്ടാക്കുന്ന സ്കൂളുകളും സിലബസ്സും അവനെ അതിനനുവദിക്കാറില്ല. അമ്മമാരും ഇതിന് ദൃക് സാക്ഷികളും മൂകസാക്ഷികളുമായി നില്ക്കുന്നു. വേദക്ലാസ്സുകൾക്കും പുരാണക്ലാസ്സുകൾക്കും കുട്ടികളെ പറഞ്ഞയ്ക്കുവാൻ നമുക്കും; പോകാൻ കുട്ടികൾക്കും സമയമുണ്ടാകാറില്ല. എന്നാൽ ശനിയാഴ്ചയിലെ അബാക്കസ് ക്ലാസ്സുകളും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും മുടക്കാറില്ല. പ്രത്യേക സിലബസ്സ് പഠിപ്പിക്കുവാൻ ശ്രദ്ധയോടെ കാവൽനില്ക്കുന്ന അമ്മമാർ എന്തുകൊണ്ട് തന്റെ കുട്ടിയുടെ ഉപനയനം കഴിഞ്ഞാൽ നിർബന്ധമായും ഒരു വർഷത്തേയ്ക്കെങ്കിലും 'കുടിയ്ക്കുനീർ' ഒഴിച്ചുകൊടുക്കുന്നില്ല.

ഇന്ന് പൂണൂൽ വിവാഹസമയത്തേയ്ക്കും തങ്ങളുടെ മരണാനന്തര കർമ്മങ്ങൾക്കുംവേണ്ടി മക്കൾക്ക് മാതാപിതാക്കൾ നല്കുന്ന ഒരു ഉപഹാരമായി മാറിയിരിക്കുന്നു. അമ്പലങ്ങളിലും മറ്റു ചില പ്രത്യേക സന്ദർഭങ്ങളിലും ഞാൻ ഇന്ന ജാതിക്കാരനാണ് എന്നു കാണിക്കാനുള്ള ഒരു അടയാളം മാത്രമായിരിക്കുന്നു ഇപ്പോൾ ഇത്. ഉള്ളവന് ഉള്ളതിന്റേയും ഇല്ലാത്തവൻ അത് ഏതുവിധത്തിലും ഉണ്ടാക്കാനായി താന്ത്രിക, മാന്ത്രിക, ജ്യോതിഷ, ആദ്ധ്യാത്മിക, പ്രതിദിന, പ്രതിവാര, ത്രൈമാസിക, ഡിപ്ലോമ, ഡിഗ്രി കോഴ്സുകളിൽ ചേർന്ന് ടെസറ്റും വൈവയും പരിശീലനവും ആയി നെട്ടോട്ടമോടുമ്പോൾ ഉള്ളവൻ അത് പൊട്ടിച്ചെറിയാനും ഊരിവെയ്ക്കാനും വിറ്റുകാശാക്കാനും മടിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്.

ധ്യാനഗുരുക്കന്മാരുടെയും ശ്വാസഗുരുക്കന്മാരുടെയും പിന്നാലെയുള്ള സഞ്ചാരം മാറിമാറി ഓരോ ബസ്സിലും കയറി തോന്നിയ സ്റ്റോപ്പുകളിൽ ഇറങ്ങുന്നപോലെയാണ്.

## "ദേവപിതൃകാര്യാഭ്യാം ന പ്രമദിതവ്യം"

ഒറ്റയപ്പവും ശർക്കരപ്പായസവും പാനകവും ഒന്നും ഈശ്വരന് നമ്മളോട് പ്രത്യേക പ്രീതി ഉണ്ടാക്കുന്നില്ല. സഹസ്രനാമം വായിക്കുന്നവരുടെ ഒരു ട്രൂപ്പുണ്ടാക്കിയതുകൊണ്ടോ രസീതെഴുതിച്ച് നാമജപത്തിന് കൂപ്പൺ എടുക്കുന്നതുകൊണ്ടോ നമുക്ക് ഈശ്വരനുമേൽ അവകാശവാദങ്ങളൊന്നും ഉന്നയിക്കാനാവില്ല. കാരണം, അദ്ദേഹം സർവ്വചരാചരങ്ങളുടെയും നാഥനാണ് എന്നതുകൊണ്ടുതന്നെ.

ക്ഷേത്രത്തിലെ നിത്യനിദാനങ്ങൾ ഒരു മുടക്കവും കൂടാതെ നടക്കേണ്ടതാണ്. നിവേദ്യങ്ങൾ അർപ്പിക്കുന്നതോടൊപ്പം നമ്മളെത്തന്നെയാണ് സമർപ്പിക്കേണ്ടത്.

കണ്ണടയുന്നതുവരെ മക്കൾ വന്നുവോ എന്നുനോക്കി അവസാനം മരിച്ച് 3 ദിവസം ഐസ് പെട്ടിയിൽ കിടന്ന പിതൃക്കൾക്ക് പത്രതാളുകളിലും സമുദായമാസികകളിലും സ്മരണാഞ്ജലി നല്കിയതുകൊണ്ടോ അവരുടെ പേരിൽ 'എന്റോവ്മെന്റ്' ഏർപ്പെടുത്തിയതുകൊണ്ടോ പിതൃക്കൾ തൃപ്തരാവുമെന്ന് തോന്നുന്നില്ല.

**മൂലം - മാതൃദേവോ ഭവ | പിതൃ**ദേവോ ഭവ | ആചാര്യദേവോ ഭവ | അതിഥിദേവോ ഭവ | യാന്യനവദ്യാനി കർമ്മാണി താനി സേവിതവ്യാനി | നോ ഇതരാണി | യാന്യസ്മാകം സുചരിതാനി താനി ത്വയോപാസ്യാനി | നോ ഇതരാണി | യേ കേ അസ്മച്ഛ്രേയാംസോ ബ്രാഹ്മണാഃ | തേഷാം ത്വയാസനേന പ്രശ്വസിതവ്യം | | ശ്രദ്ധയാ ദേയം | അശ്രദ്ധയാ/ദേയം | ശ്രിയാ ദേയം | ഹ്രിയാ ദേയം | ഭിയാ ദേയം | സംവിദാ ദേയം |

**സാരം – ഹേ പുത്ര നീ മാതാവിനെ ഈശ്വരനായി കണക്കാക്കു**ന്നവനാകട്ടെ, അച്ഛനെ ഈശ്വരനായി കണക്കാക്കുന്നവനാകട്ടെ, ആചാര്യനെ ഈശ്വരനായി കണക്കാക്കുന്നവനാകട്ടെ, അതിഥിയെ ഈശ്വരനായി കണക്കാക്കുന്നവനാകട്ടെ, ഏതൊന്നാണോ നിർദ്ദോഷങ്ങളായ കാര്യങ്ങളുള്ളത് അവ നിന്റെ കർത്തവ്യങ്ങളാണ്. നിന്ദിക്കുന്നതായ കർമ്മങ്ങൾ കർത്തവ്യങ്ങളല്ല. നിങ്ങളുടെ ഗുരുക്കന്മാരുടെ നല്ല കർമ്മങ്ങൾ അനുകരിക്കണം. അവരുടെ ചീത്ത ചരിതങ്ങൾ ത്യജിക്കണം. വയസ്സുകൊണ്ടും തപസ്സുകൊണ്ടും വിദ്യകൊണ്ടും പ്രവൃത്തികൾകൊണ്ടും നമ്മളെക്കാൾ ഉയർന്നവരെ ശ്രേഷ്ഠരായവരെ ബഹുമാനിക്കുക. അവർക്ക് അർഘ്യപാദ്യാദികൾ നല്കി അവരുടെ ക്ഷീണം തീർക്കുക. ശ്രദ്ധാപൂർവ്വമാണ് ദാനം കൊടുക്കേണ്ടത്. അശ്രദ്ധയോടെ അരുത്. ഐശ്വര്യത്തോടെ കൊടുക്കണം. നിന്ദാഹങ്കാരാദികൾ ഇല്ലാതെ വിനയത്തോടെ ദാനം ചെയ്യണം.

## വിചിന്തനം - "മാതൃദേവോ ഭവ പിതൃദേവോ ഭവ"

പണ്ട് സംസ്കൃതം പഠിച്ചിരുന്നവരിൽ പലരും ഇപ്പോൾ പറയുന്നു - പണ്ട് പഠിക്കുന്ന സമയത്ത് സംസ്കൃതത്തിന് 100-ൽ 100 മാർക്കായിരുന്നു. പക്ഷേ, ഇപ്പോൾ ഒന്നും അറിയില്ല. മറ്റു ചിലർ പണ്ട് സംസ്കൃതം പഠിക്കാൻ സാധിച്ചിട്ടില്ല. ഇനി ഇപ്പോൾ സാധിക്കുകയും ഇല്ല.

ഇപ്പോൾ നമ്മുടെ സംസ്കൃതപഠനം 10-ാം ക്ലാസ്സിലും +2വിലും A+ വാ

ങ്ങുന്നതിൽ ഒതുങ്ങിനില്ക്കുന്നു. കാരണം +2 കഴിഞ്ഞാൽ ഇന്ന് പ്രൊഫഷണൽ കോഴ്സുകൾക്കാണ് മാർക്കറ്റ്. ആ മാർക്കറ്റിലിറങ്ങിയ കുട്ടിയെ 'ഇറ്റ്' (IT) കമ്പനിക്കാർ ലേലം വിളിച്ച് എടുക്കുന്നത് സർവ്വസാധാരണമായിരിക്കുന്നു. പണ്ട് അടിമകളെയെല്ലാം ലേലം പിടിക്കുന്നത് ചരിത്രത്തിന്റെ ഭാഗമാണ്. ക്യാംപസ് ഇന്റർവ്യൂ എന്ന ഓമനപ്പേരിൽ ഏറ്റവും കൂടിയ വിലയ്ക്ക് 'ഇറ്റ്' കമ്പനികൾ കൂട്ടത്തോടെ അടിമകളെ വാങ്ങുന്നു. അടിമത്തത്തിനെതിരെ അബ്രഹാം ലിങ്കൺ പോരാടി അടിമകൾക്ക് സ്വാതന്ത്ര്യമാണ് നേടിക്കൊടുത്തതെങ്കിൽ ഇന്ത്യൻ സമൂഹം ഉയർന്ന വിദ്യാഭ്യാസവും ഇംഗ്ലീഷ് ഭാഷ സുഗമമായി കൈകാര്യം ചെയ്യലുമാണ് ജീവിതവിജയമെന്നു കരുതി അടിമക്കച്ചവടത്തിനു മുന്നിൽ തലതാഴ്ത്തി നില്ക്കുന്നു. ലക്ഷങ്ങളും കോടികളും വാങ്ങി ഇറ്റ് കമ്പനികളുടെ ഘടികാരത്തിനൊപ്പം സഞ്ചരിക്കുന്ന നമ്മുടെ സമൂഹത്തിന് മുന്നിൽ എപ്പോഴും ഉയർന്നു നില്ക്കുന്ന വേണ്ടാത്ത രണ്ടു വസ്തുക്കൾ കാണാം. പണ്ട് 'മാതൃദേവോ ഭവ' 'പിതൃദേവോ ഭവ' എന്നു പറഞ്ഞ് പഠിപ്പിച്ച, പറഞ്ഞു പഠിച്ച ഭാരതത്തിൽ ഇപ്പോൾ ഫ്ലാറ്റെന്ന ഗുഹയിൽ 2 അടിമകളെ അവർ തടവിലിടുകതന്നെ ചെയ്തിരിക്കുകയാണ്. സ്വയം പണയപ്പെടുത്തിയിരിക്കുന്ന ഒരാൾക്ക് മറ്റൊരാളെ പണയപ്പെടുത്തുവാൻ അധികാരമില്ല എന്ന് ദ്രൗപദി യുധിഷ്ഠിരനോട് പറയുന്നത് മഹാഭാരതത്തിൽ കാണാം. നമ്മുടെ ഇറ്റ് സമൂഹഅടിമകൾ അവരുടെ അച്ഛനമ്മമാരേയും ലോക്കറിൽവെച്ച് സ്വർണ്ണാഭരണങ്ങൾ സൂക്ഷിക്കുന്നതുപോലെ പണയപ്പെടുത്തിയിരിക്കുകതന്നെയാണ് ചെയ്തിട്ടുള്ളത്. ഫ്ലാറ്റെന്ന ഗുഹയിൽ വസിക്കുന്നവർക്ക് സ്വാതന്ത്ര്യേച്ഛ ഉണ്ടെങ്കിലും അവർ അതേ പറയൂ. മക്കൾ എവിടെയെങ്കിലും സുഖമായി കഴിയുന്നുണ്ടല്ലോ അതുതന്നെയാണ് സന്തോഷമെന്ന്. തങ്ങൾ പറഞ്ഞതുകൊണ്ടും മക്കൾ അനുസരിക്കുകയില്ല എന്ന് തീർത്തും അറിയാവുന്നവരായ ഇവർ കാപട്യത്തിന്റെ മുഖംമൂടി തന്നെയാണ് അണിയുന്നത്.

മരിക്കുന്നതുവരെ നിങ്ങൾക്കും മരിച്ചാൽ കേന്ദ്രത്തിനും ലാഭമുണ്ടാക്കുന്ന റിയൽ എസ്റ്റേറ്റ് ആദ്ധ്യാത്മികകേന്ദ്രങ്ങളിലാണ് ഇപ്പോൾ നമ്മൾ ഒരു ഷെയർ എടുക്കുന്നത്. ഇങ്ങനെയുള്ള കേന്ദ്രങ്ങൾ നടത്തുന്ന ആദ്ധ്യാത്മിക പ്രസംഗപ്രഭാഷണയജ്ഞങ്ങൾക്ക് മക്കൾതന്നെ അച്ഛനമ്മമാരെ കാറിൽ കൊണ്ടുവിടും. രാത്രിയായാലും പകലായാലും അത്രയും നേരം അവരെ നോക്കേണ്ടല്ലോ. Old Care Home–ൽ കൊണ്ടാക്കി എന്നാരും പറയുകയുമില്ല. ആദ്ധ്യാത്മികതയിൽ മുഴുകി എന്നു പറയുന്നത് ഒരു അന്തസ്സമാണ്.

## "ആചാര്യദേവോ ഭവ"

ആചാര്യന്മാർ പലരും ഇന്ന് രാക്ഷസീയവൃത്തിയിലേക്ക് തിരിഞ്ഞിരിക്കുന്നു. പക്ഷേ, പണ്ട് അസുരന്മാരുടെ ആചാര്യനായ ശുക്രാചാര്യരെ അവർ ദേവനായി (ഈശ്വരനായി) ട്ടാണ് കണ്ടത്.

നമ്മളെ നേർവഴിയിലേക്ക് നയിക്കുന്നത് ആരാണോ അവരാണ് നമ്മുടെ ആചാര്യൻ. അല്ലാതെ നാവിലെഴുതിക്കുന്നു പറഞ്ഞു പഠിപ്പിക്കുന്നു എന്നതുകൊണ്ടുമാത്രം ആരും ആചാര്യനാവുന്നില്ല.

## "അതിഥിദേവോ ഭവ"

ഒരു വീട്ടിലും അതിഥി ഇപ്പോൾ ദേവനല്ല. അസുരനാണ്. എത്രയും പെട്ടെന്ന് അതിഥി പോയാൽ മതി എന്നാണ് ഓരോരുത്തരുടേയും മനസ്സിലിരുപ്പ്.

ഇപ്പോൾ തിഥി നോക്കാതെ എവിടെയും ചെല്ലുന്നവർ സാധനങ്ങൾ വില്പന നടത്തുന്ന മാനേജ്മെന്റ് ട്രെയിനീസും ഉത്സവപിരിവുകാരുമാണ്. ഓരോ വീട്ടിലെയും ഉപാസനാദേവതകൾക്ക് നാട്ടുകാർ മുഴുവനുംകൂടി ഉത്സവം നടത്തേണ്ട ഗതികേടാണ്. മനസ്സറിഞ്ഞാണ് ദാനം കൊടുക്കേണ്ടത്. അതല്ലാതെ ദാനം കൊടുത്ത് ഓരോ സ്ഥലത്തും തന്റെ പേര് എഴുതിയിടുവിക്കുക അല്ല ഭാരതീയസംസ്കാരം. അത് കമ്മറ്റിക്കാരുടെ സൂത്രം മാത്രം. കാരണം ഒരാൾ കൊടുത്തതിൽ കൂടുതൽ നല്കി പേരുകിട്ടാനാണ് കപടരായ നമുക്കോരോരുത്തർക്കും താല്പര്യം. ചാനലുകാർക്ക് ദാനം കൊടുപ്പിച്ച് പ്രക്ഷേപണ പരമ്പര ആസ്വദിപ്പിക്കുകയല്ല വേണ്ടത്.

ഈശ്വരന്റെ ഭാവമാണ് ഐശ്വര്യം. അതിനാൽ ഐശ്വര്യത്തോടെയാണ് കൊടുക്കേണ്ടത്. അർഹിക്കുന്നവർക്ക് അർഹിക്കുന്ന അളവിലാണ് കൊടുക്കേണ്ടത്. സൽപാത്രത്തിലല്ലേ കൊടുക്കുന്നത് എന്ന ഭയത്തോടെ വിനയത്തോടെ വേണം ദാനം നല്കാൻ. ഇല്ലാത്തതുകൊണ്ടല്ല ഒരാൾ ദാനം വാങ്ങുന്നത് എന്ന ഓർമ്മയാണ് നമ്മളിൽ ഉണ്ടാകേണ്ടത്.

**മൂലം – അഥ യദി തേ കർമ്മവിചികിത്സാ വാ വൃത്തവിചികിത്സാ** വാ സ്യാത്, യേ തത്ര ബ്രാഹ്മണാഃ സമ്മർശിനഃ യുക്താ ആയുക്താഃ അലൂക്ഷാ ധർമ്മകാമാഃ സ്യുഃ, യഥാ തേ തത്ര വർതേരൻ തഥാ തത്ര വർതേഥാഃ | അഥാ ഭ്യാഖ്യാതേഷു യേ തത്ര ബ്രാഹ്മണാഃ സമ്മർശിനാഃ, യുക്താ ആയുക്താഃ അലൂക്ഷാഃ ധർമ്മകാമാഃ സ്യുഃ | യഥാ തേ തേഷു വർതേരൻ, തഥാ തേഷു വർതേഥാഃ | ഏഷ ആദേശഃ | ഏഷ ഉപദേശഃ | ഏഷാ വേദോപനിഷത് | ഏതദനുശാസനം | ഏവമുപാസിതവ്യം | ഏവം ചൈത

ദുപാസ്യം |

**സാരം - മുമ്പുപറഞ്ഞ പ്രകാരത്തിലുള്ള അനുഷ്ഠാ**നങ്ങളിൽ നിങ്ങൾക്ക് കർത്തവ്യത്തിലോ ആചാരങ്ങളിലോ ഏതെങ്കിലും സംശയം ഉണ്ടാകുകയാണെങ്കിൽ അപ്പോൾ ആ സമയത്ത് ദേശത്ത് സദാചാര നിരതന്മാരും ധർമ്മത്തിൽ തല്പരരും വിവേകശാലികളും അനുകമ്പയുള്ളവരും ആയവർ എന്തുചെയ്യുന്നു എന്നു നിരീക്ഷിച്ച് അതുപോലെ ചെയ്യണം. ദോഷശങ്കായുക്തമായ കാര്യത്തിലും ഇപ്രകാരം ചെയ്യണം. ഇതാണ് വിധി. (അജ്ഞാതമായ അർത്ഥത്തെ പറയുന്നതാണ് വിധി) ഇതാണ് ഉപദേശം (പ്രത്യക്ഷമായ പറച്ചിൽ ആണ് ഉപദേശം). ഇത് വേദസാരം തന്നെയാണ്. ഇത് ഈശ്വരവചനമാണ്. ഇത് ഉപാസിക്കേണ്ടതാണ്. ഇത് നിശ്ചയമായും ഉപാസിക്കുകതന്നെവേണം.

## വിചിന്തനം - "കർമ്മവിചികിത്സാ സ്യാത്"

നമുക്ക് ഒരു കാര്യത്തിലും നിശ്ചയമില്ലാതെ സംശയരോഗികളായി ഇരിക്കുമ്പോൾ കാണേണ്ടിവരുന്നത് പ്രശ്നക്കാരെയാണ്. അവരുടെ വാക്കുകൾ ഗുരുപദേശങ്ങൾക്കും മുകളിലായി കുടപോലെ പിടിച്ച് മൂഢസ്വർഗ്ഗത്തിൽ നാം വിരാജിക്കുന്നു. നിത്യജീവതത്തിൽ നാം അറിയാതെതന്നെ ഉപാസിക്കേണ്ടതായ ഋഷിപ്രോക്തതത്ത്വങ്ങളെ മറന്ന് ഉപാസനാമൂർത്തികളെ തേടി അലയുന്നു.

രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും ഓരോ ചാനലിൽ വരുന്നതും പലതരം സത്രങ്ങളിലും പ്രസംഗവേദികളിലും നടക്കുന്ന പ്രഭാഷണങ്ങളും ഒരു ചെവിയിൽകൂടി കേട്ട് മറുചെവിയിൽകൂടി പുറത്തുവിട്ട് സ്വാമി പറഞ്ഞത് ശരിയാണ് ശരിയാണ് എന്ന് yes മൂളിമൂളി ജീവിതം കഴിക്കാതെ പണ്ട് ചെറിയ ക്ലാസുകളിൽ നാം ചൊല്ലിയ 'ഭാരതം എന്റെ നാടാണ്. ഞാൻ എന്റെ നാടിനെ സ്നേഹിക്കുന്നു. അതിന്റെ സമൃദ്ധവും വിവിധവുമായ പരമ്പരാഗതസമ്പത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ആ സമ്പത്തിന് അർഹനാകുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നതാണ്' എന്ന പ്രതിജ്ഞ പാലിക്കാൻ നാം സംസ്കൃതത്തിലേക്കും വേദത്തിലേക്കും ഒരു തിരിച്ചുപോക്ക് നടത്തിയേ തീരൂ. ആധുനികതയെ സ്വീകരിച്ചുകൊണ്ടുതന്നെ പൗരാണികത്വം ജീവിതത്തിനെ സാർത്ഥകമാക്കുന്ന ഈ അഭിപ്രായങ്ങളിൽനിന്ന് ഒന്നും വ്യതിചലിക്കുവാൻ തയ്യാറല്ലെങ്കിലും

"മദ്വചനങ്ങൾക്ക് മാർദ്ദവമില്ലെങ്കിൽ,
ഉദ്ദേശശുദ്ധിക്കു മാപ്പുനല്കണേ."

# തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം

സി.എം. കൃഷ്ണനുണ്ണി

ആഗ്രഹനിവൃത്തിക്കും അവശതാപരിഹാരത്തിനും ഉപകരിക്കുന്ന സാങ്കേതികതയാണ് തന്ത്രം. മറ്റൊരു തരത്തിൽ പറഞ്ഞാൽ, പരമമായ ഇച്ഛയോട് വ്യക്തിപരമായ ഇച്ഛയെ ബന്ധപ്പെടുത്തി ആഗ്രഹം സഫലീകരിക്കുന്ന സൂത്രമാണ് തന്ത്രം. നവീനകാല തന്ത്രരൂപമായ റെയ്ക്കിയുടെ പ്രയോഗതന്ത്രവും ഇതാണ്.

പരമാത്മാവുമായുള്ള - പരമബോധവുമായുള്ള സാത്മ്യാവസ്ഥയിൽ ആഗ്രഹനിവൃത്തിയുണ്ടാകുന്ന എന്ന അറിവ് മനുഷ്യനെ വിവിധ ആഗ്രഹനിവൃത്തികൾക്കായി പരമബോധവുമായി ബന്ധം ദൃഢപ്പെടുത്തുവാനുള്ള വിവിധമാർഗ്ഗങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിന് പ്രേരിപ്പിച്ചു. തന്ത്രം ശൈശവാവസ്ഥ പിന്നിട്ട് വളർന്ന ഘട്ടമാണിത്.

മനുഷ്യൻ ആ കാലത്തും ഉല്ലാസവാനായിരുന്നു. അവൻ നിഷ്കളങ്കമനസ്സോടെ ഈ ഭൂമുഖത്ത് പല പ്രാകൃതികപ്രതിഭാസങ്ങളും നോക്കിക്കാണുകയും അനുഭവിക്കുകയും ചെയ്തുകൊണ്ടിരുന്നു. ചില കാഴ്ചകളും അനുഭവങ്ങളും അവനെ അത്ഭുതപ്പെടുത്തിയപ്പോൾ മറ്റുചിലവ ഭയപ്പെടുത്തി. അത്ഭുതവും പേടിയുമില്ലാത്ത, ആനന്ദത്തിന്റേതായ ആവലാതികളില്ലാത്ത മാനവന്റെ നിർമ്മല ശൈശവം ഭീതിയും രോദനങ്ങളുമുള്ള ഒരു തലത്തിലേക്ക് ക്രമേണ കൂടുതലായി മാറുകയായിരുന്നു. ആശ്വാസത്തിനും അവലംബത്തിനും മനുഷ്യൻ പ്രതീക്ഷയോടെ പ്രകൃതിശക്തികളെ സ്തുതിച്ച് വശംവദമാക്കുവാനും ഹോമകർമ്മാദികളാൽ സംപ്രീതമാക്കുവാനും ശ്രമിച്ചുവരവേ വേദകാലം അങ്കുരിച്ചു.

അത്ഭുതത്തെയും ഭയത്തെയും പിൻതുടർന്ന് സ്നേഹം, ക്രോധം തുടങ്ങിയ വികാരങ്ങളെല്ലാം ജന്യമായിരുന്നു. സമൂഹമനസ്സിൽ പ്രകൃതിശക്തികളുടെ അധിദേവതകളായ ഇന്ദ്രൻ, വരുണൻ, മരുത്ത്, അഗ്നി തുടങ്ങിയ വൈദികദേവതകൾ രൂപംകൊണ്ടു. അതിനും എത്രയോ മുമ്പുതന്നെ ശിവപാർവ്വതിമാരും അവരുടെ മൂർത്തിഭേദങ്ങളും ആരാധിക്കപ്പെട്ടുവാൻ ആരംഭിച്ചു കഴിഞ്ഞിരുന്നുവെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കട്ടെ. രണ്ടു ധാരകൾ - തന്ത്രവും വേദവും - ഉരുവംകൊണ്ട ചരിത്രമുഹൂർത്തങ്ങളെക്കുറിച്ചാണ് ഇത്രയും പറഞ്ഞത്. ഈ രണ്ടു ധാരകളും

കൂടിക്കലർന്നും വ്യതിരിക്തത പുലർത്തിയും നവീനകാലംവരെ എത്തി നില്ക്കുകയാണ്.

വെള്ളവും വെളിച്ചവും തീയും കാറ്റും വേണ്ടതുപോലെ ലഭ്യമാകുവാനും അതിവൃഷ്ടി, അനാവൃഷ്ടി, കാട്ടുതീ, കൊടുങ്കാറ്റ്, ഭൂമി കുലുക്കം എന്നിവ കൂടാതിരിക്കുവാനും പ്രകൃതിശക്തികളെ പ്രീതിപ്പെടുത്തി വഴക്കിയെടുക്കുവാനുള്ള അതീന്ദ്രീയക്രമങ്ങളോടൊപ്പം ഓരോരോ അളവിൽ ഐന്ദ്രിയവും ബാഹ്യവുമായ ശ്രമങ്ങളും ആരംഭിക്കപ്പെട്ടു. കൂടുതൽ അതീന്ദ്രീയക്രമങ്ങളും കുറഞ്ഞ അളവിൽ ലളിതവും ശക്തവുമായ ഐന്ദ്രിയശ്രമങ്ങളും അടങ്ങിയ തന്ത്രശാഖയും അതീന്ദ്രീയക്രമങ്ങളോടൊപ്പം കൂട്ടായും ചിട്ടയോടെയുമുള്ള ഐന്ദ്രീയക്രമങ്ങളും ചേർന്ന വേദശാഖയും ഇങ്ങനെ രൂപംകൊണ്ടു. രണ്ടും തമ്മിൽ ധാരാളം കൊള്ളക്കൊടുക്കലുകളും പരിപൂരണ ശ്രമങ്ങളും നടന്നിട്ടുണ്ട്. വൈദികതന്ത്രം തന്നെ ഇതിന്റെ ഫലമായി രൂപംകൊണ്ടു. താന്ത്രികനാവട്ടെ മഹാവാക്യാനുസന്ധാനവും തന്റെ പദ്ധതിയുടെ ഭാഗമാക്കി.

പുരുഷപ്രധാനമായ സാമൂഹ്യവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടാണ് വൈദികത വളർന്നത്. വൈദികർ പ്രകൃതിശക്തികളെ പുരുഷരൂപത്തിൽ കണ്ടതിന്റെ കാരണം ഇതാവാം. സ്ത്രീപ്രധാനമായ സാമൂഹ്യക്രമത്തിലാണ് തന്ത്രം വേരുറച്ചത്. താന്ത്രികർ പ്രകൃതിശക്തികളെ സ്ത്രീരൂപത്തിലാണ് കണ്ടുപോന്നത്. സിന്ധു-ഗംഗാ സമതലസംസ്കാരം മാതൃദേവതാ പ്രധാനവും താന്ത്രികവുമായിരുന്നു. ബി.സി. 3-ാം നൂറ്റാണ്ടിൽ വിരചിതമായ ശ്വേതാശ്വതരോപനിഷത്തിൽ പ്രകൃതിയെ പ്രാഥമികശക്തിയായി കല്പിച്ചുകാണുന്നു എന്നതും പുരുഷന് രണ്ടാംസ്ഥാനമേ കല്പിച്ചുള്ളൂ എന്നതും താന്ത്രികദർശനം ഭേദഗതികളോടെ മറ്റു വിഭാഗങ്ങളും സ്വീകരിച്ചതിന്റെ തെളിവായി പരിഗണിക്കാവുന്നതാണ്.

ഭാഷയ്ക്ക് വ്യാകരണം എന്നപോലെ തന്ത്രത്തിന്റെ താത്വികവിശദീകരണം എന്ന നിലയ്ക്ക് പരിഗണിക്കപ്പെടുന്ന കപിലന്റെ സാംഖ്യസിദ്ധാന്തം പ്രപഞ്ചസൃഷ്ടിയെ വിശദീകരിക്കുന്നത്, പ്രാകൃതികോർജ്ജത്തിന്റെ പരിണാമഫലം എന്ന നിലയിലാണ്. ക്രിസ്തുവിനുമുമ്പ് 7000 വർഷത്തെ പഴക്കം കണക്കാക്കപ്പെട്ടിരിക്കുന്ന ശിലായുഗകാലത്തെ അവശിഷ്ടങ്ങളിൽനിന്നും എല്ലിലും കല്ലിലും ആനക്കൊമ്പിലും കൊത്തിയ മാതൃദേവതാരൂപങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ഹിമാലയ-വിന്ധ്യപർവ്വതപ്രാന്തങ്ങളിൽ നിവസിച്ചിരുന്ന പുളിന്ദന്മാർ, മൂതിബന്മാർ, കിരാതന്മാർ, ദ്രാവിഡർ, അഭീരർ, ശബരർ, മാളവ ▸▸

ന്മാർ, ശിബികൾ, ത്രിഗർത്തന്മാർ, യൗധേയന്മാർ എന്നിവർക്കിടയ്ക്കും ഗംഗാസമതലത്തിൽ ജീവിച്ചിരുന്ന കികീടന്മാർ, കിരാതന്മാർ, ചണ്ഡാളന്മാർ, പർണികന്മാർ, സിമിയുക്കൾ എന്നിവർക്കിടയ്ക്കും സരസ്വതീനദിയുടെയും യമുനാനദിയുടെയും ഇടയ്ക്ക് ജീവിച്ചിരുന്ന ദസ്യുക്കൾ, അജന്മാർ, ശിഗ്രന്മാർ, യക്ഷർ, പാണികൾ എന്നീ ജനവിഭാഗങ്ങൾക്കിടയ്ക്കും താന്ത്രികസംസ്കാരം വേരോടിയിരുന്നതായാണ് അറിയുന്നത്. വൈദികകാലം ആരംഭിക്കപ്പെട്ടതോടെ ഈ വിഭാഗങ്ങൾ പലപല രൂപാന്തരീകരണങ്ങൾക്കും വിധേയമായിയെന്നാണ് അനുമാനം. അംബസ്ഥന്മാർ, ഉഗ്രന്മാർ, നിഷാദർ എന്നിവരും ചരിത്രഗതിയിൽ തനിമനഷ്ടപ്പെട്ടുപോയവരാണ്. 'ഇന്ത്യ എന്ന മഹാത്ഭുതം' എഴുതിയ എ.എൽ. ഭാഷാം, ഇക്കൂട്ടരെയെല്ലാം വൈദിക ആര്യന്മാർ ആക്രമിച്ച് തോല്പിച്ചു എന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ആര്യന്മാർ മറ്റെവിടെനിന്നോ കടന്നുവന്നവരാണെന്ന നിഗമനമാണ് ഈ അഭിപ്രായത്തിന്റെ അടിസ്ഥാനം. ആര്യന്മാരുടെ ആഗമനകഥകൾ ശരിയല്ല എന്ന വാദം പ്രബലമായി വരികയാണല്ലോ. പല മാറ്റങ്ങൾക്കും വിധേയമായ പൗരാണിക ജനവിഭാഗങ്ങളിൽ താന്ത്രികസംസ്കാരം ഒരു കാലത്ത് വ്യാപകമായിരുന്നു എന്ന് സൂചിപ്പിക്കുവാൻവേണ്ടിയാണ് ഇത്രയും സൂചിപ്പിച്ചത്.

സൗരം, ഗാണപത്യം, വൈഷ്ണവം, ശൈവം, ശാക്തേയം, കൗമാരം എന്നീ ഉൾപ്പിരിവുകളോടെ തന്ത്രം വികസിതമായി. ക്രമേണ വൈദിക ദേവതകളായ ഇന്ദ്രൻ, വരുണൻ, അഗ്നി, വായു തുടങ്ങിയ ദേവതകൾക്ക് പ്രസക്തികുറഞ്ഞു. ആ ദേവതകൾ ഇന്ന് അഷ്ടദിക്പാലകന്മാരായാണ് ശേഷിക്കുന്നത്. ശിവപാർവ്വതിമാരുടെ ആരാധന വിവിധമൂർത്തിഭേദങ്ങളോടെ ഇന്നും ശക്തമായിത്തന്നെ നിലനിന്നുപോരികയും ചെയ്യുന്നു. ശക്തിരൂപങ്ങളെ ചേർത്തുകൊണ്ടുള്ള ലക്ഷ്മീനരസിംഹം, ലക്ഷ്മീസമേതവിഷ്ണു, മഹാലക്ഷ്മീ സമേതമഹാഗണപതി തുടങ്ങിയ മൂർത്തികളുടെ ആരാധനയും ഇന്ന് നിലനിൽക്കുന്നു. ബ്രഹ്മാണി, ഇന്ദ്രാണി, കുമാരി, വൈഷ്ണവി തുടങ്ങിയ സപ്തമാതൃക്കളും ആരാധിക്കപ്പെട്ടുപോരുന്നു. സൗരതന്ത്രസാധനകൾ ഏറെക്കുറെ ഇല്ലാതായി. കുമാരസാധന തമിൾനാട്ടിൽ സ്വാധീനം ചെലുത്തി വളർന്നത് ആ പ്രദേശങ്ങളിൽ തുടർന്നും നിലനില്ക്കുന്നു.

(തുടരും)